കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# എടത്തിരുത്തി ഗ്രാമപഞ്ചായത്ത്

2018-19

ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ

e-mail: dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ.എസ്.എ.-ടി.എസ്.ആർ.(പി.3)368/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ-680 020.
ഫോൺ നമ്പർ -0487 2331249
e-mail: dotsr.ksad@kerala.gov.in
തീയതി.21.05.2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന),
എടത്തിരുത്തി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം –എടത്തിരുത്തി ഗ്രാമപഞ്ചായത്ത് 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എടത്തിരുത്തി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)-ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1) (2) എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ.

<u>പകർപ്പ് :-</u>
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ
3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.-ടി.എസ്.ആർ.(പി.3)368/2020 തീയതി.21.05.2020

തൃശ്ശൂർ ജില്ലയിലെ എടത്തിരുത്തി ഗ്രാമപഞ്ചായത്തിന്റെ 2018-19
സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

തൃശ്ശൂർ ജില്ലയിലെ എടത്തിരുത്തി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വരവുചെലവ് കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്തിന്റെ 1.11.2018 മുതൽ 31.3.2019 തിയ്യതി വരെയുള്ള വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള 2018-19 സാമ്പത്തിക വർഷത്തെ പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | മേരി ഹണി ജോസഫ്,<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 24.2.2020 മുതൽ<br>03.3.2020 വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

| | |
|---|---|
| ശ്രീ ശിവൻ.പി.എ. | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.) |
| ശ്രീമതി സീനത്ത് പി എ | ഓഡിറ്റ് ഓഫീസർ |
| ശ്രീ.സിനിലാൽ എം ജി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.നിജു സി എസ് | ഓഡിറ്റർ |

നിർവ്വഹണാധികാരികൾ

| | പേര് | കാലയളവ് |
|---|---|---|
| പ്രസിഡന്റ് | ബൈന പ്രദീപ് | 1.04.18 മുതൽ 31.03.19 വരെ |
| സെക്രട്ടറി | പി.വൈ.സാജിത, | 1.04.18 മുതൽ 31.03.19വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | കാലയളവ് |
|---|---|---|
| | | |

| | | |
|---|---|---|
| പി.വൈ.സാജിത, സെക്രട്ടറി | സെക്രട്ടറി, എടത്തിരുത്തി ഗ്രാമപഞ്ചായത്ത് | 01.04.18 മുതൽ 31.03.19 വരെ |
| സി.എൻ.ഷിനിൽ | അസിസ്റ്റന്റ് സെക്രട്ടറി | 01.04.18 മുതൽ 21.6.18 FN വരെ |
| സുജ ട്രീസ വി.ജെ | അസി.സെക്രട്ടറി ഇൻ ചാർജ്ജ് | 21.6.2018 AN മുതൽ 26.6.2018 FN വരെ |
| മുണി കെ.കെ | അസി.സെക്രട്ടറി ഇൻ ചാർജ്ജ് | 26.6.2018 AN മുതൽ 31.07.18 വരെ |
| സുജ ട്രീസ വി.ജെ | അസി.സെക്രട്ടറി ഇൻ ചാർജ്ജ് | 01.08.18 മുതൽ 7.10.18 വരെ |
| സുലേഖ എ.ഐ | അസി.സെക്രട്ടറി | 8.10.2018 മുതൽ 19.10.18 വരെ |
| സുജ ട്രീസ വി.ജെ | അസി.സെക്രട്ടറി | 20.10.18 മുതൽ 31.03.19 വരെ |
| സിമി വി.യു, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി, എടത്തിരുത്തി | 01.4.2018 മുതൽ 31.03.2019 വരെ |
| സോഫിയ ജോൺ | കൃഷി ഓഫീസർ | 01.4.2018 മുതൽ 20.08.2018 വരെ |
| റുബീന.സി.എം | “ | 21.8.2018 മുതൽ 31.3.2019 വരെ |
| സന്തോഷ് എൻ.കെ | വെറ്ററിനറി സർജൻ, എടത്തിരുത്തി | 01.04.18 മുതൽ 04.03.19 വരെ |
| വിമല്.സി. വർഗ്ഗീസ് | “ | 4.3.2019 മുതൽ 31.03.19 വരെ |
| ഡോ.സ്റ്റെഫി ജോർജ്ജ് | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 01.04.18 മുതൽ 11.10.2018 FN വരെ |
| ഡോ. സജീവന് കെ.എ | “ | 11.10.18 ANമുതൽ 9.11.2018 FN വരെ |
| ഡോ. നിതീഷ് കെ.വി | “ | 9.11.18 ANമുതൽ 31.3.2019വരെ |
| സലോമി കെ വി, ഐ.സി.ഡി.എസ്. സൂപ്പർ വൈസർ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01.04.18 മുതൽ 31.03.19 വരെ |
| പി.വി.സുഷമ | എച്ച്.എം, ജി.എൽ.പി.എസ്, | 01.04.18 മുതൽ |

| | | |
|---|---|---|
| | പെരുമ്പടപ്പ (റിട്ടയേർഡ്) | 31.05.18 വരെ |
| ലാലി കെ.എസ് | " | 01.06.2018 മുതൽ 31.03.19 വരെ |
| ജീന.ജി.നാഥ്, സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01.04.18 മുതൽ 31.03.19 വരെ |
| പ്രശാന്ത് സി.എം, ഡയറി ഫാം ഇൻസ്ട്രക്ടർ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01.04.18 മുതൽ 31.03.19 വരെ |
| ദിവ്യ ടി. ശങ്കർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, ചെന്ത്രാപ്പിന്നി | 01.04.18 മുതൽ 04.09.18 FNവരെ |
| പ്രജിത പ്രകാശ് | " | 4.9.18 A Nമുതൽ 6.09.18 വരെ |
| ബാബു ഇ.ഐ | " | 7.9.18 മുതൽ 31.3.2019 വരെ |
| പ്രജിത പ്രകാശ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, എടത്തിരുത്തി | 01.04.18 മുതൽ 31.03.19വരെ |
| ഡോ.ദിവ്യ എൻ.എസ്, | മെഡിക്കൽ ഓഫീസർ, ഹോമിയോ, എടത്തിരുത്തി ഗ്രാമപഞ്ചായത്ത് | 01.04.2018 മുതൽ 31.03.2019 വരെ |
| ഡോ.ജിനചന്ദ്രൻ, മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം, എടത്തിരുത്തി ഗ്രാമപഞ്ചായത്ത് | 01.04.2018 മുതൽ 31.03.2019 വരെ |

ഉള്ളടക്കം


| ക്രമ നമ്പർ | ഭാഗം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | സാമ്പത്തിക വിശകലനം | 1-2 |
| 3 | ഫണ്ട് വിനിയോഗം | 1-3 |
| 4 | പദ്ധതി അവലോകനം | 1-4 |
| 5 | തൊഴിലുറപ്പ് പദ്ധതി | 1-5 |
| 6 | ക്ഷേമ പദ്ധതികൾ | 1-6 |
| 7 | ക്യാഷ് പരിശോധന | 1-7 |
| 8 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-9 |

| | | |
|---|---|---|
| 10 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-10 |
| 11 | ഇ-ടെണ്ടർ വരവ് AEയുടെ കറന്റ് അക്കൗണ്ടിലേക്ക് വരവ് വെക്കുന്നില്ല-92105/-രൂപ തനതുഫണ്ട് വരുമാനമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ് | 1-11 |
| 12 | ലൈസൻസെടുക്കാതെ പ്രവർത്തിക്കുന്ന കെട്ടിടങ്ങൾ സംബന്ധിച്ച് | 1-12 |
| 13 | കരാറുകാരുടെ തൊഴിൽ നികുതി ഈടാക്കാത്തതു സംബന്ധിച്ച് | 1-13 |
| 14 | വ്യവസായ കെട്ടിടങ്ങൾ ഗണം മാറ്റാതെ വാണിജ്യകെട്ടിടമെന്ന രീതിയിൽ നികുതി നിർണ്ണയിക്കുന്നു. | 1-14 |
| 15 | വസ്തു നികുതി കുറവായി നിർണ്ണയിച്ചു ഈടാക്കുന്നു | 1-15 |
| 16 | അനധികൃത കെട്ടിടനിർമ്മാണം സംബന്ധിച്ച് | 1-16 |
| 17 | വിമുക്ത ഭടന്മാരുടെ വസ്തുനികുതിയിളവ്-വരുമാന നഷ്ടം ഒഴിവാക്കേണ്ടതാണ് | 1-17 |
| 18 | പെർമിറ്റ്-റഗുലറൈസേഷൻ അപാകതകൾ | 1-18 |
| 19 | വോളിബോൾ പരിശീലനം-രേഖകൾ പൂർണമായി ഹാജരാക്കേണ്ടതാണ്. | 1-19 |
| 20 | പാലിയേറ്റീവ് കെയർ വിഭാഗത്തിൽപെട്ട രോഗികൾക്കുള്ള മരുന്നുകളും, ഉപകരണങ്ങളും പൂർണമായി ലഭിച്ചിട്ടില്ല.-ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. | 1-20 |
| 21 | ക്വാറിമക്ക് പൊതുമരാമത്ത് ഒബ്സർവ്ഡ് ഡാറ്റാ,എൻ.ആർ.ഇ.ജിഎസ്.നിരക്കുകൾ തമ്മിൽ ഗണ്യമായ അന്തരം | 1-21 |
| 22 | ലൈഫ് പദ്ധതി- ഭൂരിഭാഗം വീടുകളും സമയബന്ധിതമായി പൂർത്തീകരിക്കാനായത് അഭിനന്ദനാർഹം-ലൈഫ് പദ്ധതി തുടർ നിരീക്ഷണം ഉറപ്പാക്കണം. | 1-22 |
| 23 | ഭവന പുനരുദ്ധാരണം-തുടർ നടപടി സ്വീകരിക്കണം. | 1-23 |
| 24 | വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ -ബാക്കി തുക ക്രമീകരിച്ചതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്. | 1-24 |
| 25 | മരാമത്ത് പ്രവൃത്തികളുടെ നിർവഹണം | 1-25 |
| | | |

| | | |
|---|---|---|
| 26 | കന്നുകുട്ടി പരിപാലന പദ്ധതി -<br>പൂർത്തീകരണവിവരം ലഭ്യമല്ല. | 1-26 |
| 27 | പുതിയ ഗ്രാമപഞ്ചായത്ത് കെട്ടിടനിർമാണം<br>-കുഴിച്ചെടുത്ത മണ്ണ് ആവശ്യം കഴിഞ്ഞത്<br>ഉപയുക്തമാക്കേണ്ടതാണ് | 1-27 |
| 28 | അഗതി രഹിത കേരളം -പണി<br>പൂർത്തീകരിച്ചിട്ടില്ല | 1-28 |
| 29 | കൃഷി ഓഫീസർ നടപ്പാക്കിയ പദ്ധതികളിൽ<br>രേഖകൾ ക്രമപ്രകാരം സൂക്ഷിക്കാത്തത്<br>സംബന്ധിച്ച് | 1-29 |
| 30 | സപ്ലിമെന്ററി ന്യൂട്രിഷ്യൻ പ്രോഗ്രാം<br>-എസ്.സി-വാങ്ങിയ ഇനങ്ങൾ<br>സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ<br>ഹാജരാക്കിയിട്ടില്ല | 1-30 |
| 31 | വനിതകൾക്ക് സ്വയം തൊഴിലിന് സ്കൂട്ടർ<br>-ഒറിജിനൽ ഇൻവോയ്സ്<br>ഹാജരാക്കിയിട്ടില്ല. | 1-31 |
| 32 | മാലിന്യ സംസ്കരണം-തുടർ നടപടികൾ<br>സ്വീകരിക്കണം. | 1-32 |
| 33 | പദ്ധതി രൂപീകരണം -ഇൻകംടാക്സ് കുറവ്<br>ഈടാക്കി | 1-33 |
| 34 | പ്ളാസ്റ്റിക് ഷ്രഡിങ് യൂണിറ്റ് സ്ഥാപിച്ച്<br>പ്രവർത്തനക്ഷമമാക്കേണ്ടതാണ് | 1-34 |
| 35 | മത്സ്യതൊഴിലാളികളുടെ മക്കൾക്ക്<br>ലാപ്ടോപ്-ഗുണഭോക്തൃലിസ്റ്റിൽ<br>ഉൾപ്പെടാത്ത വിദ്യാർത്ഥിക്ക് നൽകി | 1-35 |
| 36 | തൊഴിലുറപ്പുപദ്ധതി-പൊതുവിവരങ്ങൾ | 1-36 |
| 37 | ശാരീരിക മാനസിക വെല്ലുകളികൾ<br>നേരിടുന്നവർക്ക് സ്കോളർഷിപ്പ്<br>-അർഹതയില്ലാത്ത ഗുണഭോക്താവിന്<br>നൽകി. | 1-37 |
| 38 | നാലാം വാർഡിൽ അംഗണവാർഡ്<br>നിർമാണം-അളവു വിവരങ്ങൾ പൂർണമല്ല | 1-38 |
| 39 | പൂർത്തീകരണസാക്ഷ്യപത്രം<br>ഹാജരാക്കിയിട്ടില്ല. | 1-39 |
| | ഭാഗം-2 | |
| | വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന<br>ഓഡിറ്റ് നിരീക്ഷണങ്ങൾ<br>ഇല്ല. | |
| | ഭാഗം-3 | |
| | ചെലവ്-വ്യക്തമായ നഷ്ടംപ്രതിപാദിക്കുന്ന<br>ഓഡിറ്റ് നിരീക്ഷണങ്ങൾ<br>ഇല്ല | |

| | | |
|---|---|---|
| | ഭാഗം-4 | |
| 40 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 41 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 42 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 43 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 44 | വായ്പ/ വായ്പ തിരിച്ചടവ് | 4-5 |
| 45 | സ്ഥിര നിക്ഷേപങ്ങൾ | 4-6 |
| 46 | ഓഡിറ്റ് റിക്കവറി | 4-7 |
| 47 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-8 |
| 48 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 49 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| 50 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം-1 |
| 51 | ഓഡിറ്റ് സംക്ഷിപ്തം | അനുബന്ധം – 2 |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

2018-19 സാമ്പത്തിക വർഷത്തെ ബജറ്റ് 24.03.18 തീയതിയിലെ (1) തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ/പരിഷ്കരിച്ച ബജറ്റ് 2.2.19 തീയതിയിലെ (1) തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് പ്രകാരം പ്രതീക്ഷിച്ച വരവ് മുന്നിരിപ്പ് 77,60,327/- രൂപയും 19,45,49,254/- രൂപയും ചെലവ് 19,51,62,253/- രൂപയും നീക്കിയിരിപ്പ് 71,47,328 രൂപയുമായിരുന്നു.ചെലവ് വരവിനേക്കാൾ അധികരിച്ചിരിക്കുന്നു.ബജറ്റും വാർഷീക കണക്കുമായി വലിയ അന്തരമുണ്ട്.വാർഷീക ധനകാര്യ പത്രികയിലെ രസീത് ആന്റ് പേമെന്റ് പ്രകാരം 10,12,75,581 രൂപ വരവും 8,38,60,032 രൂപ ചെലവും ആണ് യഥാർത്ഥത്തിൽ വന്നിട്ടുള്ളത്.ബജറ്റ് യാഥാർത്ഥ്യബോധമുൾക്കൊണ്ടു തയ്യാറാക്കേണ്ടതാണ്.

## 1-2 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 80,60,709.3 |
| വരവ് | 10,12,75,581 |
| | |

| | |
|---|---|
| ആകെ | 10,93,36,290.30 |
| ചെലവ് | 8,38,60,032 |
| നീക്കിയിരിപ്പ് | 2,54,76,258.3 |

# 1-3 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 16338000 | 16338000 | 16212040 | 125960 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 12358000 | 12358000 | 10209383 | 2148617 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 14192000 | 14192000 | 13634914 | 557086 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 3388000 | 3388000 | 3384035 | 3965 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 9529093 | 9529093 | 5582969 | 3946124 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | 0 | 0 | 0 | 0 | 0 |
| സാക്ഷരത | 0 | 0 | 0 | 0 | 0 |

# 1-4 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 218 | 118392724 | 148 | 68352235 | 70 | 0 | 67.88 |

# 1-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 22296 | 721047 | 743343 | 666364 | 76979 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 18245461 | 18245461 | 18245461 | 0 |

# 1-6 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പദ്ധതിയുടെ പേര് | ചെലവു തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 45360 | 31 |
| കർഷകതൊഴിലാളി പെൻഷൻ | 3867600 | 289 |
| വിധവാ പെൻഷൻ | 18459600 | 1519 |
| വാർദ്ധക്യകാല പെൻഷൻ* | 26586100 | 2338 |
| വികലാംഗപെൻഷൻ | 3932900 | 336 |
| | | |

| | | |
|---|---|---|
| 50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1053400 | 92 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 180000 | 6 |

*-ധനകാര്യ പത്രികയിൽ ചേർത്തിട്ടില്ല

# 1-7 ക്യാഷ് പരിശോധന

994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 28.2.2020 -ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 282497/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-8 ആഭ്യന്തര നിയന്ത്രണം

നികുതി പിരിവ് നൂറ് ശതമാനം കൈവരിക്കാൻ കഴിഞ്ഞത് ഗ്രാമപഞ്ചായത്ത് കൈവരിച്ച ശ്രദ്ധേയമായ നേട്ടമാണ്. ലൈഫ് പദ്ധതി നടപ്പാക്കുന്നതിലും സ്ഥാപനം മെച്ചപ്പെട്ട പ്രകടനം കാഴ്ചവെച്ചിട്ടുണ്ട്. ജനറൽ കമ്മിറ്റി മിനട്സ് സോഫ്റ്റ് വെയർ കോപ്പി പുസ്തക രൂപത്തിൽ സൂക്ഷിച്ചിട്ടുള്ളതും ശ്രദ്ധേയമാണ്. അസി.എഞ്ചിനീയർ നടപ്പിലാക്കിയ പദ്ധതികളിൽ മോണിറ്ററിങ്ങ് ആധികാരികമാക്കിയിട്ടുള്ളതും വേറിട്ട് നിൽക്കുന്നു. ആസ്തി രജിസ്റ്റർ കാലികമല്ലാതെ നിൽക്കുന്ന അവസ്ഥ പരിഹരിക്കേണ്ടതാണ്. അസി.എഞ്ചിനീയർ ഒഴികെയുള്ള നിർവ്വഹണ ഉദ്യോഗസ്ഥർ മോണിറ്ററിങ്ങ് ആധികാരികമാക്കുന്നതിൽ ശ്രദ്ധ ചെലുത്തേണ്ടതാണ്. സാംഖ്യ, സഞ്ചയ സോഫ്റ്റ് വെയർ അപാകത, ലൈസൻസ് എടുക്കാതെ കെട്ടിടങ്ങൾ പ്രവർത്തിക്കുന്നത്, കരാറുകാരുടെ തൊഴിൽ നികുതി ഈടാക്കാതെ അവശേഷിക്കുന്നത്, കെട്ടിടങ്ങൾ ശരിയായ ഗണത്തിൽപ്പെടുത്താതെ നികുതി നിർണ്ണയിക്കുന്ന രീതി, വിവിധ അപാകതകൾ മൂലം വരാവുന്ന വരുമാന നഷ്ടം എന്നീ സാഹചര്യങ്ങൾ ഒഴിവാക്കേണ്ടതാണ്.

# 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയതി |
|---|---|---|---|
| പെർഫോർമൻസ് ഓഡിറ്റ് | 22.02.2020 | 2019 ഡിസംബർ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറൽ | | 2005-06 മുതൽ 2009-10 വരെ | 04.03.2011 |

# 1-10 വാർഷിക കണക്കുകളിലെ അപാകതകൾ

1. വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.(കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ് )).

2. വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

<u>2.1തൻവർഷം</u>

2.1.1റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 2942302 | 2871596 | 89351 | ബാക്കി 'zero' ബാലൻസ്. 18,645 അധിക കളക്ഷൻ തൻവർഷ advance തുക അടുത്തവർഷത്തേക്ക് adjust ചെയ്യാനുള്ളതായും മുൻവർഷങ്ങളിലേതടക്കം 4,36,252രൂപ advance ബാലൻസ് adjust ചെയ്യാനുള്ളതായും കാണിച്ചിട്ടുണ്ട്. |
| വാർഷിക കണക്കിലെ വിവിധ | 2942302 | 3018841 | 663334 | *ഡിമാന്റിനേക്കാൾ 7,39,873 രൂപ അധിക കളക്ഷൻ ഉണ്ട്. എന്നാൽ b9 പ്രകാരം adv. Collection 4,36,252 രൂപ(സഞ്ചയയുമായി പൊരുത്തപ്പെടുത്തി) ആയാണ് കാണിച്ചിരിക്കുന്നത് |
| | (ഇൻകം | (റസീറ്റ് | ( 350410101- | - |

| | | | | |
|---|---|---|---|---|
| പത്രികകൾ പ്രകാരം | &എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | &പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | Advance collection-PT on Res. bldg-ന്റെ ലെഡ്ജർ) | |

2.1.2നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 1502667 | 1486230 | 17671 | ബാക്കി ‘zero’ ബാലൻസ് . 1234 ആണ് അധിക കളക്ഷൻ .ഇതിൽ 137 രൂപ വാർഡ് 14 ൽ ഡിമാന്റിനേക്കാൾ കൂടുതലായി കളക്റ്റ് ചെയ്ത തുകയാണ്.RP 36 ൽ ഈ തുക വന്നിട്ടില്ല. 1,234 രൂപ അടുത്തവർഷത്തേക്ക് adjust ചെയ്യാനുള്ളതായും മുൻവർഷങ്ങളിലേതടക്കം 32,235രൂപ advance ബാലൻസ് adjust ചെയ്യാനുള്ളതായും കാണിച്ചിട്ടുണ്ട് |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 1502667 | 1338985 | 53156 | *110526 ബാലൻസ് രേഖപ്പെടുത്തേണ്ടതിനു പകരം zero balance കാണിക്കുകയും b-9 പ്രകാരം 32,235 തുക adv. collection (സഞ്ചയയുമായി പൊരുത്തപ്പെടുത്തി) ആയാണ് കാണിച്ചിരിക്കുന്നത് |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് &പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | ( 350410104-Advance collection-PT on NR bldg-ന്റെ ലെഡ്ജർ) | * (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

<u>2.2കടിശ്ശിക</u>

2.2.1റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 0 | 0 | 0 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 0 | 324857 | 147886 വരേണ്ടതിനു പകരം 2,33,213 രൂപയാണ് ബാലൻസ് വന്നിട്ടുള്ളത്. വ്യത്യാസം 85,327 രൂപ |
| | (2017-18 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | (റസീറ്റ് &പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | **(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (244874/105X100)=233213.3 |

2.2.2നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 38400 | 38400 | 0 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 34560 | 38400 | 3840 അധിക കളക്ഷൻ വരുന്നതിന് പകരം ‘zero’ അരിയർ ബാലൻസ് കാണിച്ചിട്ടുള്ളത് |
| | | | |

| | | | |
|---|---|---|---|
| | *(2017-18 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)<br>(4032+32256=36288/105*100) | (റസീറ്റ് &പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (2018-19 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)<br>(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

## 2.3ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)

| | | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ ക്രമീകരിച്ചത് | ഡിമാന്റ് കുറവ് ചെയ്തത് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|---|
| തൻവർഷം | കുടിശ്ശിക | ആകെ | തൻവർഷം | കുടിശ്ശിക | ആകെ | തൻ വർഷം | കുടിശ്ശിക | ആകെ | | | | |
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | റെസിഡൻഷ്യൽ | 149881 | 0 | 149881 | 145915 | 0 | 145915 | 4870 | | ബാലൻസ് 0. അധിക കളക്ഷൻ 904 (യഥാർത്ഥ ബാലൻസ് വരേണ്ടത്<br>34 രൂപയും<br>അധിക കളക്ഷനായി വരേണ്ടത് 938 രൂപയും) | 0 | ബാലൻസ് 0.അധിക കളക്ഷൻ 904<br>എന്നാൽ 34 കിട്ടാനുണ്ട് അധികം വരേണ്ടത് 938) |
| നോൺ-റെസിഡൻഷ്യൽ | 76314 | 1920 | 78234 | 75248 | 1920 | 77168 | 1104 | | ബാലൻസ് 0.അധിക കളക്ഷൻ 38(യഥാർത്ഥ ബാലൻസ് വരേണ്ടത്<br>410 രൂപയും<br>അധിക കളക്ഷനായി വരേണ്ടത് 448 രൂപയും) | 0 | ബാലൻസ് 0.അധിക കളക്ഷൻ 38<br>(യഥാർത്ഥ ബാലൻസ് വരേണ്ടത്<br>410 രൂപയും<br>അധിക കളക്ഷനായി വരേണ്ടത് 448 രൂപയും) | |
| ആകെ | | | 228115 | | | 223083 | 5974 | | 38 Adv.collection കാണിച്ചിരിക്കുന്നു.<br>(യഥാർത്ഥ ബാലൻസ് വരേണ്ടത്<br>410 രൂപയും<br>അധിക കളക്ഷനായി വരേണ്ടത് 448 രൂപയും) | | | |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | | 223976 | | | 222670 | | | | | 1,306 വരുന്നതിനു പകരം 'zero'ആണ് B-15 പ്രകാരംവന്നിട്ടുള്ളത്(സഞ്ചയ adjustment) | | |
| 1728+. 4444969*5/100=222248(current LC )...... =(2017-18ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ, | | | (റസീറ്റ് &പേയ്മെന്റ് പത്രിക, ഷെഡ്യൂൾ | | | | (431910101 -State govt. | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | | | | |

| | | | | |
|---|---|---|---|---|
| ബി- 15,431910101 -State govt. Cess/levies...... ലെഡ്ജർ 2017-18) | ആർ.പി-36(വരവ്)) | | Cess/levies...... ലെഡ്ജർ 2018-19) | |

2.4."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ് ) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല. (ഉദാ:. 2.3 എന്നി ഖണ്ഡികയിലെ പട്ടിക).

2.5 1/4/2018 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2018-19 ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2018-19 വർഷത്തിൽ എടത്തിരുത്തി ഗ്രാമപഞ്ചായത്തിൽ 249 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2018-19 ലെ "110100101-Property tax on residential buiding"എന്ന ശീർഷകത്തിലേയും "110100103-Property tax on non residentialbuiding" എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2018-19 സാമ്പത്തിക വർഷത്തെ ഡിമാന്റ് 1 രവണ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. (1.4.18)ഈ ഡിമാന്റ് എൻട്രികൾക്കും സാധൂത നല്കുന്ന വൗച്ചറുകളും ഇല്ല. "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികതിഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

2.6 തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 2,22,670 രൂപയും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 2,29,057(223083+5974(adv.adj) രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന "431910101 State govt cesses/levies in Property tax control account" എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കടിശ്ശിക ഉൾപ്പെടെ) കളക്റ്റ് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്. എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല.

2.7 2017-18 വർഷത്തെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-9 "Other liabilities" എന്ന ശീർഷകത്തിൽ വസ്തുനികതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 30/3/2018 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുകയേക്കാൾ കൂടുതൽ തുക 2018-19 വർഷം ഈയിനത്തിൽ ക്രമീകരിച്ചതായി കാണുന്നു. "Prior period items" എന്ന നോമിനൽ അക്കൗണ്ട് പ്രകാരം അഡ്വാൻസ് തുക വർദ്ധിപ്പിക്കുകയും തുടർന്ന് ആയത് തൻവർഷത്തേക്ക് ക്രമീകരിക്കുകയുമാണ് ചെയ്തത്. ക്യാഷ് ആയി അഡ്വാൻസ് തുക ലഭിച്ചിട്ടില്ല. മേൽ വർദ്ധനക്ക് ആയതിന് വൗച്ചറുകളോ മറ്റ് രേഖകളോ സൂക്ഷിച്ചിട്ടുമില്ല. ക്രമീകരിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ.നം. | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരം 31/3/18 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക | 2018-19ലെ ലെഡ്ജർ പ്രകാരം തൻവർഷം ക്രമീകരിച്ച തുക |
|---|---|---|---|
| 1 | 350410101-Advance collection of revenues - | 663334 | 89351 |

| | | | |
|---|---|---|---|
| | Property tax on Residential building | | |
| 2 | 350410104-Advance collection of revenues - Property tax on Non-Residential building | 53156 | 17671 |

2.8. തൻവർഷത്തെയും മുൻവർഷത്തേയും വസ്തു നികുതി അഡ്വാൻസ് ലെഡ്ജർ അക്കൗണ്ട് പരിശോധിച്ചു. അതിൽ താഴെ പറയും പ്രകാരം തുക കാഷ് ആയോ ബാങ്ക് മുഖേനയുള്ള വരവായി ലഭിച്ചതല്ല എന്നും "Prior period items" എന്ന നോമിനൽ അക്കൗണ്ട് പ്രകാരം അഡ്വാൻസ് തുക സാങ്കല്പികമായി ജേണൽ വൗച്ചർ മുഖേന വർദ്ധിപ്പിച്ചതായും കുറവ് ചെയ്തതായും കാണുന്നു. ഇപ്രകാരം ജേണൽ വൗച്ചർ മുഖേന വർദ്ധനവ്/കുറവ് കാരണം രേഖപ്പെടുത്തിയിട്ടുള്ളതും അംഗീകരിക്കാനാകുന്നതുമായ യാതൊരു സബ് വൗച്ചറുകളും, വർക് ഷീറ്റുകളും, നടപടിക്രമങ്ങളും സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഇപ്രകാരം സാങ്കല്പിക വർദ്ധനവ്/കുറവ് വരുത്തിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഇപ്രകാരം വർദ്ധനവ്/കുറവ് വരുത്തിയ വൗച്ചർ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

2.8.1 റെസിഡൻഷ്യൽ

| ക്രമ.നം. | ജേണൽ വൗച്ചർ | തീയ്യതി | തുക |
|---|---|---|---|
| 2 | 41800247 | 31.3.19 | 156376(കറന്റ് ഡിമാന്റ് പ്രയർ പിരീഡ് വഴി വർദ്ധനവ് നടത്തി) |

2.8.2 നോൺ-റെസിഡൻഷ്യൽ

| ക്രമ.നം | ജേണൽ വൗച്ചർ | തീയ്യതി | തുക |
|---|---|---|---|
| 1 | 41800241 | 01.4.2018 | 3840 |
| 2 | 41800248 | 31.3.19 | 4484 |
| | ആകെ | | 8324 |

3.2018-19 ൽ അസസ്സ്ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. എന്നാൽ മേൽ പ്രകാരം സെക്രട്ടറി രേഖാമൂലം പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ്/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്ത വരവിനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. (വസ്തുനികുതിയുടെ വിവരങ്ങൾ ഖണ്ഡിക2.5.ൽ ചേർത്തിട്ടുണ്ട് ).

| ക്രമ.നം | വരവിനം | ഡിമാന്റ് ചേർക്കുന്ന ശീർഷകം | ഡിമാന്റ് | രേഖപ്പെടുത്തിയ തീയ്യതി | വൗച്ചർ |
|---|---|---|---|---|---|
| 1. | കെട്ടിടങ്ങളിൽ നിന്നുള്ള വാടക(...... കെട്ടിടങ്ങൾ) | 130100101-Rent from Building | 35880 | 12.3.19 | 41800176 |
| 2. | D&O | | 115200<br>(-8500) | 12.3.19<br>31.3.19 | 41800175<br>41800312 |
| 3 | തൊഴിൽ നികുതി(ട്രേഡേഴ്സ്) | | 9510 | 12.3.19 | 41800177 |

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ഡിമാന്റ് എൻട്രികൾ/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ സാധൂത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

4.ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-18) പ്രകാരം "280000000-Prior Period item" എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട് , ഷെഡ്യൂൾ I-18) | 31/3/201 9ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100101-Prior period income -Property tax on residential buildings | (156376) |
| 280100104-Prior period income-Property tax on non residential buildings | (8324) |

5. കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7)ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല.എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

6. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

7. വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2018-19 കാലയളവിലെ "Net increase in cash and cash equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് (107,68,956) രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2018-19 കാലയളവിൽ "Net cash generated by Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് (112,55,354)രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

8. വരവ് അപാകതകൾ

8.1) Biodiversity Board Fund (കനോലികനാൽ സംരക്ഷണം) & central share fund ആവശ്യത്തിലേക്കായി canara bank chenthrappinni ബ്രാഞ്ചിൽ ആരംഭിച്ച (A/c തുടങ്ങിയത് 29.12.2018) A/c no.780101063742ലേക്ക് 20.3.19 ൽ 3,80,500 രൂപ NEFT ആയി വരവ് വന്നത് ഏതാവശ്യത്തിലേക്ക് എന്നത് വ്യക്തമല്ല. ആയതിനാൽ തുക സാംഖ്യയിലേക്ക് വരവ് വെച്ചിട്ടില്ല. ടി അക്കൗണ്ട് RP-40(b), B-17, B-4 എന്നിവയിൽ ഉൾപ്പെടുത്തിയിട്ടില്ല.

8.2) Distress Relief Fund ledger പ്രകാരം 3,750 രൂപ നീക്കിയിരിപ്പ് ഉണ്ട്. ആയതിന്റെ pass Book update ചെയ്തിട്ടില്ല. Reconciliation statement ലഭ്യമാക്കിയിട്ടില്ല.

8.3) NREGA സാംഖ്യ Reconciliation statement തയ്യാറാക്കുന്നില്ല. മാന്വൽ Reconciliation സ്റ്റേറ്റ്മെന്റ് ആണ് ലഭ്യമാക്കിയത്. സാംഖ്യയിൽ ക്രമീകരിക്കുന്നതിനുള്ള തുടർനടപടി സ്വീകരിക്കേണ്ടതാണ്.

9)-വാട്ടർ അതോറിറ്റിക്ക് തൻവർഷം 675000 നൽകിയതിൽ 340000 രൂപ മാത്രമെ ധനകാര്യ പത്രികയിൽ ഡെപ്പോസിറ്റ് വർക്ക് അഡ്വാൻസിൽ ഉൾപ്പെടുത്തിയിട്ടുള്ളൂ.ബാക്കി 335000 രൂപ Capital work In Progress ൽ ഉൾപ്പെടുത്തിയിരിക്കുന്നു.3638 രൂപ വർക്ക് കഴിഞ്ഞത്(UC ലഭിച്ചത്) പ്രയർ പിരീഡായി തൻവർഷത്തിൽ ചേർത്തിട്ടുണ്ട്.

9.1) കെ.എസ്.ഇ.ബി ക്ക് ആകെ 1615720 രൂപ ന. പ്രൊജക്റ്റുകളിലായി നൽകിയിട്ടുണ്ട്. ഇതിൽ ഒരു പദ്ധതിയുടെ തുക 1514978 രൂപയിൽ 102768 രൂപക്കു മാത്രമെ ഡെപ്പോസിറ്റ് വർക്ക് അഡ്വാൻസ് കാണിച്ചിട്ടുള്ളൂ.മറ്റു രണ്ടു പദ്ധതികളിൽ 88712+12030=100742 രൂപ Capital Expenditure ആയും ബാക്കി 1412210/-രൂപ Capital Work In Progress ആയും കാണിച്ചിരിക്കുന്നു.

അപാകതകൾ അടുത്ത സാമ്പത്തിക വർഷത്തിൽ ക്രമീകരിക്കേണ്ടതാണ്(ഓഡിറ്റ് അന്വേഷണം 24/4.3.2020)
10)സംയുക്ത പദ്ധതി വിനിയോഗം -അപാകതകൾ

10.1)ധനകാര്യ പത്രിക 17-18 ബാലൻസ് ഷീറ്റ് പ്രകാരം ബ്ലോക്ക് പഞ്ചായത്ത് മുന്നിരിപ്പ്(capital+Revenue) 103000+ 349967= 452967രൂപയും ധനകാര്യ പത്രിക 18-19 പ്രകാരം വരവ് (capital+Revenue) ജർണൽ എൻട്രി 200000 രൂപയടക്കം തൻവർഷ വരവ് 1720546+200000+4089093=6009639 രൂപയും ആകെ വരവ് 6462606/- രൂപയും ആകെ ചെലവ് 4393491രൂപയും തൻവർഷ തിരിച്ചടവ്(177976+6600)184576 രൂപയും ബ്ലോക്ക് പഞ്ചായത്ത് വിഹിതം മൊത്തം നീക്കിയിരിപ്പ് 1884539 രൂപ വരുന്നിടത്ത് ബാലൻസ് ഷീറ്റ് പ്രകാരം(കാപിറ്റൽ+റവന്യൂ) 1428477+425024= 1853501 രൂപയുമാണ് കാണിച്ചിരിക്കുന്നത്.വ്യത്യാസം 31038 രൂപ.ആകെ 1962514 രൂപ പദ്ധതി നീക്കിയിരിപ്പിൽ ഏതു ക്യാപിറ്റൽ പദ്ധതി തുകക്കാണ് 6600 രൂപ തിരിച്ചടച്ചത് എന്നു വ്യക്തമാക്കിയിട്ടില്ല.

കൂടാതെ 31026 രൂപ ലെഡ്ജർ പ്രകാരം തൻവർഷം capital ൽ നിന്നും വരവാക്കി മാറ്റിയിട്ടുണ്ട്.സ്പിൽ ഓവറായ പദ്ധതി ചെലവിലെ നീക്കിയിരിപ്പ് 12 രൂപ തിരിച്ചടച്ചിട്ടില്ല.ഇതു സംബന്ധിച്ച് ഓഡിറ്റ് അന്വേഷണത്തിനു മറുപടി ലഭ്യമാക്കിയിട്ടില്ല.
10.2) 2018-19 ധനകാര്യ പത്രിക I-6 പ്രകാരം ജില്ലാ പഞ്ചായത്ത് ചെലവ് 1288040/- രൂപ മാത്രമാണ്. ബാലൻസ് ഷീറ്റ് B-4 ൽ 130170 രൂപ നീക്കിയിരിപ്പ് കാണിച്ചിരിക്കുന്നു.എന്നാൽ വ്യത്യാസമുള്ള തുകയായ 54970 രൂപ പാസ്സ്ബുക്ക് പ്രകാരം തൻവർഷം തന്നെ ചെലവ് വന്നിട്ടുള്ളതാണ്. അപാകത അടുത്തവർഷത്തിൽ പരിഹരിക്കേണ്ടതാണ്.(ഓഡിറ്റ് അന്വേഷണം 24/4.3.2020)

11)വാർദ്ധക്യകാല പെൻഷൻ ചെലവ് 26586100 രൂപ ധനകാര്യ പത്രികയിൽ ചേർത്തിട്ടില്ല

## 1-11 ഇ-ടെണ്ടർ വരവ് AEയുടെ കറന്റ് അക്കൗണ്ടിലേക്ക് വരവ് വെക്കുന്നില്ല-92105/-രൂപ തനതുഫണ്ട് വരുമാനമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്

e-Tendering System Government of Kerala യുടെ എടത്തിരുത്തി ഗ്രാമപഞ്ചായത്തിന്റെ e-Tender നടത്തിയ വിവരങ്ങളടങ്ങിയ ഓർഗനൈസേഷൻ വൈസ് കളക്ഷൻ റിപ്പോർട്ട് പ്രകാരം 2.8.2015 മുതൽ 2.3.17 വരെയായി 53655/- രൂപയും 2018-19 ൽ 38450/- രൂപയും പഞ്ചായത്തിനു e-Tender ഫോം ഫീസിനത്തിൽ ലഭിക്കുവാനുണ്ട്. നിലവിൽ ഈ തുക എടത്തിരുത്തി പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിലെ കറന്റ് അക്കൗണ്ടിലേക്ക് ആണ് വരവ് വെക്കേണ്ടത്.എന്നാൽ ഇതുവരെയും e-tender ഫോം ഫീ വരവ് അക്കൗണ്ടിലേക്ക് വന്നിട്ടില്ലെന്നാണ് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചിട്ടുള്ളത്. e-Tender സ്വീകരിക്കുന്ന സമയം NIC വെബ്സൈറ്റിൽ കരാറുകാർക്ക് Buffer/Temporary അക്കൗണ്ടുകളാണ് നൽകുന്നത്. തുക സെറ്റിൽ ചെയ്യുന്ന സമയത്ത് Buffer അക്കൗണ്ടിൽ നിന്ന് പഞ്ചായത്തിലെ നിർവ്വഹണ ഉദ്യോഗസ്ഥന്റെ മാപ്പ് ചെയ്ത അക്കൗണ്ടിലേക്കാണ് ട്രാൻസ്ഫർ ചെയ്യുന്നത്. മുൻ വർഷങ്ങളിൽ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ മാപ്പ് ചെയ്ത അക്കൗണ്ടിലേക്കാണ് ട്രാൻസ്ഫർ ചെയ്തിരുന്നത്. എടത്തിരുത്തി അസി.എഞ്ചിനീയറുടെ പ്രസ്തുത അക്കൗണ്ട് മാപ്പ് ചെയ്തിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ടതും ഇ-ടെണ്ടർ തുക ട്രാൻസ്ഫർ ചെയ്യുന്നതിനുള്ള നടപടി എത്രയും വേഗം സ്വീകരിക്കേണ്ടതുമാണ്. കൂടാതെ ഇ-ടെണ്ടർ ഫോം ഫീ റീഫണ്ടായി പോകുന്നുണ്ടെങ്കിൽ ആയ വിവരവും ഏതെല്ലാം ടെണ്ടറുകളാണ് നിരസിച്ചതെന്ന വിവരവും സംബന്ധിച്ച് അസി.എഞ്ചിനീയർ രേഖകൾ സൂക്ഷിക്കുന്നില്ല. തൻവർഷം ഇ-ടെണ്ടർ വരവ് സംബന്ധിച്ച രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുണ്ട് അപാകതകൾ പരിഹരിക്കേണ്ടതും തുടർന്ന് ഇത്തരത്തിലുള്ള വീഴ്ചകൾ വരുത്താതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-12 ലൈസൻസെടുക്കാതെ പ്രവർത്തിക്കുന്ന കെട്ടിടങ്ങൾ സംബന്ധിച്ച്

കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം ലൈസൻസെടുക്കാതെ സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടുള്ള വ്യവസായ ഗണത്തിലുള്ള സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.2018-19-വ്യവസായം,വാണിജ്യം,സംരഭകത്വം,മറ്റു സേവനങ്ങൾക്കുള്ള ലൈസൻസ് രജിസ്റ്റർ,ട്രേഡേഴ്സ് ലിസ്റ്റ്,സഞ്ചയയിൽ നിന്നുള്ള വ്യവസായ സ്ഥാപനങ്ങളുടെ ലിസ്റ്റ് എന്നിവ പരിശോധിച്ചതിൽ സഞ്ചയയിൽ നിന്നുള്ള വ്യവസായ സ്ഥാപനങ്ങളുടെ ലിസ്റ്റിൽ ഉൾപ്പെട്ട താഴെ പറയുന്ന 38 കെട്ടിടങ്ങൾക്ക് ലൈസൻസെടുത്തിട്ടില്ല

വ്യവസായം-കൈത്തറി ഷെഡ് മുതലായവ

കെട്ടിടനം

1/44B,1/211,1/212,1/324A,1/400A,4/70A,4/161A,8/116A,8/175,8/550A,9/463A,10/132,11/72A,11/482A,14/160,14/334A,14/340A,14/343A,15/101A,15/215A,15/392,16/208A,16/210A,16/210B,16/439B,16/481,16/482,16/483,18/38A,18/256A

ഇതര വ്യവസായം

കെട്ടിട നം 1/46,1/47,10/25A,10/142A,11/53,11/339,11/528,15/165

ഫീൽഡ് ക്ളർക്ക് സ്ഥല പരിശോധന നടത്തുകയും ലൈസൻസിനു നോട്ടീസ് നൽകുകയും ചെയ്യേണ്ടതാണ്.ലൈൻസെടുത്ത വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

കെട്ടിടങ്ങൾ പൊളിച്ചുമാറ്റിയതായോ ഗണം മാറി പ്രവർത്തിക്കുകയോ ഉണ്ടെങ്കിൽ വേണ്ട നടപടി സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിനു മറുപടി ലഭ്യമാക്കിയിട്ടില്ല(ഓഡിറ്റ് അന്വേഷണം 7/29.2.2020)

## 1-13 കരാറുകാരുടെ തൊഴിൽ നികുതി ഈടാക്കാത്തതു സംബന്ധിച്ച്

കരാറുകാരിൽ നിന്നും നികുതി ഒടുക്കാത്തത്.

അസി.എഞ്ചിനീയറുടെ മാന്വൽ കാഷ്ബുക്ക്,തൊഴിൽ നികുതി രജിസ്റ്റർ എന്നിവ പരിശോധിച്ചതു പ്രകാരം 2018-19 വർഷ കാലയളവിൽ പഞ്ചായത്തിൽ കരാറുകാരായി പ്രവർത്തിച്ച താഴെ പറയുന്ന 6 കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഡിമാന്റ് ചെയ്തടവാക്കിയിട്ടില്ല.

| പേര് | തുക |
|---|---|
| മിനി ദേവദാസ് | 1250(IInd half) |
| മുഹമ്മദ് സഗീർ പി എ | 2500 |
| അബ്ദുള്ള | 2500 |
| ഹാഷിം എം എം | 1250(IInd Half) |
| സലിം പി എം | 1250(Ist Half) |
| ഹരീഷ് കുമാർ | 1250(Ist Half) |
| ആകെ | 10000 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം 17/3.3.20 ന മറുപടി ലഭ്യമാക്കിയിട്ടില്ല. കരാറുകാർ മറ്റു പഞ്ചായത്തുകളിൽ അടവാക്കിയിട്ടുണ്ടെങ്കിൽ രശീത് ലഭ്യമാക്കേണ്ടതും, ഇല്ലെങ്കിൽ അടവാക്കി വിവരം ഓഡിറ്റിനു ലഭ്യമാക്കേണ്ടതുമാണ്.

## 1-14 വ്യവസായ കെട്ടിടങ്ങൾ ഗണം മാറ്റാതെ വാണിജ്യകെട്ടിടമെന്ന രീതിയിൽ നികുതി നിർണ്ണയിക്കുന്നു.

2018-19-വ്യവസായം,വാണിജ്യം,സംരഭകത്വം,മറ്റു സേവനങ്ങൾക്കുള്ള ലൈസൻസ് രജിസ്റ്റർ,ട്രേഡേഴ്സ് ലിസ്റ്റ്,സഞ്ചയയിൽ നിന്നുള്ള വ്യവസായ സ്ഥാപനങ്ങളുടെ ലിസ്റ്റ് എന്നിവ പരിശോധിച്ചതിൽ വാണിജ്യ ലൈസൻസെടുത്ത താഴെ പറയുന്ന 67 വ്യാവസായിക കെട്ടിടങ്ങൾ സഞ്ചയയിൽ നിന്നുള്ള വ്യവസായ സ്ഥാപനങ്ങളുടെ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല.

Plywood ,മര ഫർണ്ണീച്ചർ നിർമ്മാണം

കെട്ടിട നം 4/393,7/440A,9/277,9/274,10/140,10/141,10/10,10/11,10/345,10/662

Ice Factory

11/759(93.5HP)

Cement Tile നിർമ്മാണം

16/255

വസ്ത്ര നിർമ്മാണം

-8/370

അലുമിനിയം ഫാബ്രിക്കേഷൻ

-11/397,398,17/4,9/405

സോപ്പ് നിർമ്മാണം

-10/418A

ഫുഡ് പ്രൊഡക്ഷൻ

-11/150,17/231,232(25HP),14/450,14/358,14/283A,16/58,15/69,16/439B

5/34,7/161,7/182A,8/463,9/491B

ഇലക്ട്രിക്കൽഎഞ്ചിനീയറിംഗ് വർക്ക്ഷോപ്പ്

-17/302A,17/261,18/347C,12/402,3/376J,10/42,8/238,10/480A

Service Station

-13/11B,12/7A

ലെയ്ത്ത് വർക്ക്ഷോപ്പ്

-16/182A

Stitching

-11/497,3/411J,3/413,7/507,8/470

)Offset/Screen /Flex /Digital Printing Press

7/367A,8/256,10/117

Flour Mills

-17/252A,13/417B,16/354C,16/393,15/223,2/388,3/93A,4/130,131,4/334,7/362,8/594,10/237

ആഭരണ നിർമ്മാണം

-14/501,11/595,11/660

മേൽപ്പറഞ്ഞ 67 കെട്ടിടങ്ങളിൽ ഫീൽഡ് പരിശോധന നടത്തേണ്ടതും സുരക്ഷ മാനദണ്ഡങ്ങൾക്കനുസൃതമായി G1,G2,MISME എന്നീ വ്യവസായ ഗണങ്ങളിൽ ലൈസൻസ് അനുവദിക്കേണ്ടതും സഞ്ചയയിൽ വാണിജ്യ ഗണത്തിൽ നിന്നും മാറ്റി വസ്തുനികുതി പരിഷ്കരിക്കേണ്ടതുമാണ്.ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന മറുപടി ലഭ്യമാക്കിയിട്ടില്ല(ഓഡിറ്റ് അന്വേഷണം 8/29.2.2020)

# 1-15 വസ്തു നികുതി കുറവായി നിർണ്ണയിച്ചു ഈടാക്കുന്നു

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ , 14.01.2011ലെ സ.ഉ.(അ) 19/2011/ത.സ്വ.ഭ.വ.നമ്പർ സർക്കാർ ഉത്തരവ്, ഗ്രാമ പഞ്ചായത്തിന്റെ വിജ്ഞാപനം എന്നിവ പ്രകാരം ഗ്രാമ പഞ്ചായത്തിലെ വാണിജ്യാവശ്യങ്ങൾക്കുള്ള (ഹോട്ടൽ, റസ്റ്റോറന്റ്, ഷോപ്പുകൾ, ഗോഡൗണുകൾ) കെട്ടിടങ്ങളുടെ അടിസ്ഥാന നികുതി നിരക്കുകൾ താഴെ കൊടുക്കുന്നു.

100ച.മീ. വരെ ആകെ തറ വിസ്തീർണ്ണമുള്ളവ : 30/- രൂപ / ച.മീ.

100ച.മീറ്ററിനു മുകളിൽ ആകെ തറ വിസ്തീർണ്ണമുള്ളവ: 50/- രൂപ / ച.മീ.

200 ച.മീറ്ററിനു മുകളിൽ ആകെ തറ വിസ്തീർണ്ണമുള്ളവ ഷോപ്പിംഗ് കോംപ്ലെക്സ്/മാൾ,സൂപ്പർമാർക്കറ്റുകൾ: 80/- രൂപ / ച.മീ.

ചെറിയ തറ വിസ്തീർണ്ണത്തിൽ(100ച.മീ. താഴെ) തിരിച്ച ഷോപ്പ് റൂമുകളടങ്ങിയതും എന്നാൽ ആകെ തറ വിസ്തീർണ്ണം 100ച.മീറ്ററിനു മുകളിൽ വരുന്നതുമായ വിവിധ വാണിജ്യ കെട്ടിടങ്ങൾക്ക് അവയുടെ തറ വിസ്തീർണ്ണം മൊത്തമായി പരിഗണിക്കാതെയാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്. കെട്ടിടത്തിന്റെ ആകെ തറ വിസ്തീർണ്ണം 100ചതുരശ്ര മീറ്ററിനു മുകളിൽ വരുന്നതും മുകളിൽ പരാമർശിച്ച ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതുമായ വിവിധ നമ്പറുകൾ അനുവദിച്ച റൂമുകളോട്ടു കൂടിയ ഒറ്റക്കെട്ടിടത്തിന് നികുതി നിർണ്ണയിക്കുന്നതിലേക്ക് അടിസ്ഥാന നികുതി 50/- രൂപ പരിഗണിക്കേണ്ടതിനു പകരം 30/- രൂപയാണ് കണക്കിലെടുത്തിരിക്കുന്നത്. കൂടാതെ കെട്ടിടത്തിന്റെ ആകെ തറ വിസ്തീർണ്ണം 200ചതുരശ്ര മീറ്ററിനു മുകളിൽ വരുന്നതിനു ഷോപ്പിംഗ് മാൾ/കോംപ്ളെക്സ് എന്ന മുകളിൽ പരാമർശിച്ച ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതുമായ വിവിധ നമ്പറുകൾ അനുവദിച്ച റൂമുകളോട്ടു കൂടിയ ഒറ്റക്കെട്ടിടത്തിന് നികുതി നിർണ്ണയിക്കുന്നതിലേക്ക് അടിസ്ഥാന നികുതി 80/- രൂപയാണെങ്കിലും പഞ്ചായത്ത് അത്തരത്തിലുള്ള ഒരു കെട്ടിടത്തിനു പോലും ഇപ്രകാരം നികുതി നിർണ്ണയം നടത്താതെ മുകളിൽ പറഞ്ഞ പ്രകാരം ആണ് കണക്കാക്കിയിരിക്കുന്നത്. 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(4) ൽ, ഒരു കെട്ടിടത്തിന്റെ തന്നെ വ്യത്യസ്ത ഭാഗങ്ങൾ (മുകൾ നിലകൾ ഉൾപ്പെടെ) വെവ്വേറെ വ്യക്തികളുടെ ഉടമസ്ഥതയിലാണെങ്കിലോ, ഒരാളിന്റെ ഉടമസ്ഥതയിലുള്ളതാണെങ്കിൽ തന്നെ തക്കതായ കാരണത്താൽ ആ കെട്ടിട ഭാഗങ്ങൾക്ക് പ്രത്യേക കെട്ടിട നമ്പറുകൾ നൽകിയിട്ടുണ്ടെങ്കിലോ; ഓരോ ഭാഗത്തെയും വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി അവയ്ക്ക് ഓരോന്നിനും വസ്തു നികുതി ചുമത്തേണ്ടതാണെന്ന് പറയുന്നതിനാലാണ് ഇത്തരത്തിൽ ചെറിയ മുറികളായി തിരിച്ച ആകെ 100 ച.മീറ്ററിലധികം തറവിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടങ്ങളുടെ വസ്തു നികുതി കുറഞ്ഞ നിരക്കിൽ നിർണ്ണയിക്കുന്നതിന് ഇടയാക്കുന്നതെന്ന് കരുതുന്നു. എന്നാൽ 2011ലെ ചട്ടങ്ങൾ നിലവിൽ വരുന്നതിനു മുമ്പ് തന്നെ വസ്തു നികുതി നിർണ്ണയിച്ച് നമ്പർ നൽകിയ കെട്ടിടങ്ങൾക്ക് തക്കതായ കാരണമുണ്ടെങ്കിൽ മാത്രം അവയെ പ്രത്യേകം കെട്ടിടങ്ങളായി കണക്കാക്കുന്നതിന് ഇളവ് നൽകുന്നത് സംബന്ധിച്ചാണ് ചട്ടം 3(4)ലെ പരാമർശമെന്നത് വ്യക്തമാണ്. ചട്ടം 4(1) പ്രകാരം ഓരോ ഇനം കെട്ടിടമായി പരിഗണിച്ച് ചട്ടം 5(2) അടിസ്ഥാനത്തിൽ നികുതി നിർണ്ണയിക്കേണ്ടത് പുതിയ കെട്ടിടങ്ങൾക്ക് അനിവാര്യമാണ്. ചട്ടം 5(2) പ്രകാരം നികുതി നിർണ്ണയിക്കുന്നത് കൊണ്ട് വിവിധ റൂമുകൾക്ക് ഉയർന്ന നിരക്കിൽ നികുതി നിർണ്ണയിച്ച് പ്രത്യേകം നമ്പർ നൽകുന്നതിന് യാതൊരു തടസ്സവും നിലവിലില്ലാത്തതുമാണ്. ആയതിനാൽ കുറഞ്ഞ നിരക്കിൽ നികുതി നിർണ്ണയിച്ചതു വഴി വൻ തോതിൽ നികുതി നഷ്ടം സംഭവിക്കുന്നു. വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | വാർഡ്/കെട്ടിട നം | ഉടമയുടെ പേര് | വാണിജ്യ ആവശ്യത്തിനുള്ള ആകെ ബിൽഡിംഗ് ഏരിയ |
|---|---|---|---|
| 1 | VIII/300A,B | ശ്രീ.തെക്കുട്ട് ഗോപാൻ മകൻ സുനിൽ | 142.6m2 (269.19m2 Exisitng Building ഉണ്ട്) |
| 2 | VIII/330A to F | കോലാന്ത്ര ഭഗീരഥൻ മകൻ റിനിൽ,ഗിനീഷ് | $749.05m^2$ |
| 3 | VII/146 D to F | 0 | $187.92m^2$ |
| 4 | XVIII/239A to F | കദീജാബി പണിക്കശ്ശേരി കടവിൽ | $146.03m^{2}$(Existing ഉണ്ട് 295.93m2) |
| 5 | IX/530 | ആബിദ തളിക്കുളം വീട് | $224.54^{m2}$ |
| 6 | XII/403 A to C | ഹരിലാൽ കോലാന്ത്ര | $117.65^{m2}$ |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നമ്പർ 14/3.3.2020)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. 100ച.മീറ്ററിൽ കൂടുതൽ തറവിസ്തീർണ്ണമുള്ളതും വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്നതുമായ കെട്ടിടങ്ങൾക്ക് ടി.ചട്ടം 4(1), 5(2) എന്നിവയ്ക്കനുസൃതമായി 50/- രൂപ, 80/- രൂപ എന്നീ അടിസ്ഥാന നികുതി നിരക്കിൽ നികുതി നിർണ്ണയിക്കാതിരുന്നത് മൂലം വസ്തു നികുതി ഇനത്തിൽ വരവിനത്തിൽ നഷ്ടം സംഭവിച്ചിട്ടുണ്ട്. 2011 നു ശേഷം കെട്ടിടനികുതി സമാനമായി കുറഞ്ഞ നിരക്കിൽ നിർണ്ണയം നടത്തിയ ഗ്രാമ പഞ്ചായത്തിലെ മുഴുവൻ വാണിജ്യ കെട്ടിടങ്ങളുടെയും വസ്തു നികുതി പുനർനിർണ്ണയം നടത്തി കുറവ് വന്ന നികുതി ഈടാക്കേണ്ടതും വിവരം ലഭ്യമാക്കേണ്ടതുമാണ്.

# 1-16 അനധികൃത കെട്ടിടനിർമ്മാണം സംബന്ധിച്ച്

അനധികൃത കെട്ടിട നിർമ്മാണം സംബന്ധിച്ച താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 13.02.2015 ലെ നം.81777/RA1/2014/ത.സ്വ.ഭ.വ സർക്കുലർ, 18.10.2014 ലെ 60203/RA1/14/ത.സ്വ.ഭ.വ സർക്കുലർ എന്നിവ പ്രകാരം UA നമ്പർ നൽകി ഒരു വർഷത്തിൽ കൂടുതലായ എല്ലാ അനധികൃത കെട്ടിട നിർമ്മാണങ്ങൾക്കെതിരെയും നടപടി സ്വീകരിച്ചതിന്റെ റിപ്പോർട്ട് നൽകാനും നിശ്ചിത കാലാവധിക്കുള്ളിൽ അനധികൃത നിർമ്മാണം ക്രമവൽക്കരിക്കുന്നതിന് അപേക്ഷ സമർപ്പിക്കാത്ത എല്ലാ അനധികൃത നിർമ്മാണങ്ങൾക്കെതിരെയും നിലവിലുള്ള കേരള പഞ്ചായത്ത് രാജ് ആക്ട്, കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ വ്യവസ്ഥകൾക്കനുസൃതമായ നടപടി സ്വീകരിച്ച് വിവരം ലഭ്യമാക്കാനും ആവശ്യപ്പെട്ടിരുന്നു. ഇതു സംബന്ധിച്ച് ഫയലുകൾ ലഭ്യമാക്കിയിട്ടില്ല.

UAരജിസ്റ്റർ പ്രകാരം 51 കെട്ടിടങ്ങൾക്ക് UA നമ്പർ നൽകിയിട്ടുണ്ട്. എന്നാൽ സഞ്ചയയിൽ നിലവിൽ 18 വാർഡുകളിലായി 24 കെട്ടിടങ്ങൾക്ക് UA നമ്പർ നൽകി ചേർത്തു കാണുന്നുള്ളൂ. I,II,III,V എന്നീ വാർഡുകളിലെ കെട്ടിടങ്ങൾക്കു (2011 നു മുൻപ് പണിത) UA നമ്പറും കെട്ടിടനമ്പറും നൽകി കാണുന്നു.2012-13 കാലയളവിൽ VI വാർഡിലെ 10 കെട്ടിടങ്ങൾക്കും XIII,X വാർഡിലെ കെട്ടിടത്തിനും UA നമ്പർ നൽകി കൊണ്ട് നികുതി ഒഴിവാക്കിയതായി കാണുന്നു.(ഏരിയ വിവരമില്ല).2013-14,2014-15,2015-16,2016-17 വർഷങ്ങളിൽ UA നമ്പർ നൽകിയിട്ടുണ്ടെങ്കിലും ചില കെട്ടിടങ്ങൾക്കു നികുതി നിർണ്ണയിച്ചിട്ടില്ല.നിർണ്ണയിച്ച നികുതി മൂന്നിരട്ടിയായി കണക്കാക്കിയിട്ടില്ല,2013-14 മുതൽ 2017-18 വരെ കാലയളവിൽ UA നൽകിയതും സഞ്ചയയിൽ UA ആയി ചേർക്കാത്തതുമായ കെട്ടിടങ്ങൾ താഴെ ചേർക്കുന്നു

1/2013-14-V/149-V A ഖുറേശി

3/13-14-വട്ടേക്കാട് രാജൻ

1/14-15-വാർഡ് 1-കുന്നപ്പശ്ശേരി അജോയ് കുമാർ

2/14-15-വാർഡ് XIV-വേലായുധൻ കടവത്ത്

3/14-15 വാർഡ്VI-തോട്ടുപരമ്പത്ത് ഷൈലേഷ്

4/14-15 വാർഡ് XIV-ജബ്ബാർ വാഴക്കാലയിൽ

1/1UA-16-17 -പുതുശ്ശേരി ജയരാജ്

II) പുതുതായി നല്കിയ പെർമ്മിറ്റ് അപേക്ഷകളിൽ കെട്ടിടം പണിയുന്നിടത്ത് അനധികൃത നിർമ്മാണം കണ്ടെത്തിയതിനെ തുടർന്ന് അപേക്ഷകൾ മടക്കിയതായി കാണുന്നു.അനധികൃത നിർമ്മാണത്തിനെതിരെ നടപടി സ്വീകരിച്ചതായി കാണുന്നില്ല.

a)ഫയൽ നം A4/803/14.2.2019-സുഹറ തലശ്ശേരിക്കാരൻ
പ്ലാൻ പ്രകാരം ആകെ 996.78m2 പ്ലിന്ത് ഏരിയക്കുള്ള കെട്ടിടങ്ങൾ സൈററിൽ കാണുന്നു
Exisitng Residence-272.37m2
Existing Commercial Building-508.89m2
Existing Shed 1-18.58m2
Existing Shed 2-13.95m2
Existing Motor Shed 1-3.71m2
Existing Motor Shed 2-3.71m2
Proposed Building area 206.32 m2 മാത്രമാണുള്ളത്.AEയുടെ റിപ്പോർട്ടിൽ Existing Buildings ന്റെ കെട്ടിടനമ്പറുകൾ ,Commecial Building ലെ ഷോപ്പുകളുടെ എണ്ണം,കാർ പാർക്കിംഗ് എന്നിവ കാണിക്കാത്തതിനാലാണ് ഫയൽ റിട്ടേൺ ചെയ്തത്.മേൽ പ്പറഞ്ഞ കെട്ടിടങ്ങളുടെ കെട്ടിട നം രേഖപ്പെടുത്തുകയോ അനധികൃതമാണെങ്കിൽ തുടർ നടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ല.
b)ഫയൽ നം-A4-554/2.2.19
വദനൻ കെ കെ ,കൊല്ലാററ വീട് എന്നിവരുടെ അപേക്ഷ പ്രകാരംPlot പരിശോധന റിപ്പോർട്ടിൽ Exisitng Buiding Area വ്യക്തമാക്കിയിട്ടില്ല എന്നു രേഖപ്പെടുത്തിട്ടുണ്ട്.കെട്ടിട നം രേഖപ്പെടുത്തിയിട്ടില്ല.ഫയലിൽ ഇതു സംബന്ധിച്ച തുടർനടപടികളില്ല.
lll) അനധികൃത നിർമ്മാണം സംബന്ധിച്ച് രജിസ്റ്റർ,സഞ്ചയ എന്നിവയിൽ കെട്ടിട നം 10/1UA,IX/4UA,lll/1UA എന്നീ വാണിജ്യ കെട്ടിടങ്ങൾക്ക് UA നമ്പർ നൽകി വസ്തു നികുതി നിർണ്ണയിച്ച നൽകിയിരിക്കുന്നു.പാർപ്പിടാവശ്യമല്ലാത്ത കെട്ടിടങ്ങൾക്കെതിരെ അനധികൃതനിർമ്മാണം സംബന്ധിച്ച് പൊളിച്ചുമാറ്റുന്നതിനായുള്ള തുടർനടപടി സ്വീകരിച്ചിട്ടില്ല.
ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിനു(15/3.3.2020) മറുപടി ലഭ്യമാക്കിയിട്ടില്ല

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല(നം 1/16.1.2020).

## 1-17 വിമുക്ത ഭടന്മാരുടെ വസ്തുനികുതിയിളവ്-വരുമാന നഷ്ടം ഒഴിവാക്കേണ്ടതാണ്

വിമുക്ത ഭടൻമാർക്ക് കെട്ടിടനികുതിയിളവ് നൽകുന്നതുമായി ബന്ധപ്പെട്ട് വിമുക്ത ഭടന്മാരുടെ അപേക്ഷ സംബന്ധിച്ച ഫയൽ,രജിസ്റ്റർ,സഞ്ചയയിൽ നിന്നുള്ള 2018-19 ലെ കെട്ടിടനികുതി ഒഴിവാക്കിനൽകൽ ലിസ്റ്റ്, ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി മിനിറ്റ്സ് തീരുമാനങ്ങൾ,വസ്തുനികുതി അടവാക്കിയത് എന്നിവ പരിശോധിച്ചതിൽ താഴെ കൊടുത്തിരിക്കുന്ന അപാകതകൾ കാണുന്നു

1) 2018-19 കമ്മറ്റി അംഗീകരിച്ച എല്ലാ കെട്ടിടങ്ങൾക്കും നികുതിയിളവ് നൽകിയിട്ടില്ല,എന്നാൽ അംഗീകാരവും അപേക്ഷയും ഇല്ലാതെ നികുതി ഒഴിവാക്കിയ കെട്ടിടങ്ങൾ താഴെ ചേർക്കുന്നു
2/7,3/239,4/27,4/324,5/72,7/568,12/435,14/85,16/70,8/8,8/91,10/101,11/524,13/19,16/183,16/81,16/83,18/196,18/197-19എണ്ണം

കെട്ടിടങ്ങൾ exemption period continue status ൽ കിടക്കുന്നതുകൊണ്ട് മുൻവർഷങ്ങളിലും ഇപ്രകാരം വരവിനത്തിൽ നഷ്ടം സംഭവിച്ചിട്ടുണ്ട്.സ. ഉ(കൈ) നം 106/17 ത.സ്വ.ഭ.വ തീ.26.5.17 പ്രകാരം യഥാസമയം അപേക്ഷ സ്വീകരിക്കേണ്ടതും അതതു വർഷത്തേക്കുമാത്രം നികുതി ഒഴിവാക്കേണ്ടതുമാണ്.
രജിസ്റ്ററിൽ ചേർത്ത 2/27,16/73,8/73 സഞ്ചയയിൽ ഉൾപ്പെട്ടിട്ടില്ല.2/27 കെട്ടിടം വേറെ വ്യക്തിക്കു കൈമാറ്റം ചെയ്തതായി കാണുന്നു.

രജിസ്റ്ററിൽ ബിൽഡിംഗ് ഏരിയ,നികുതിയിളവ് രേഖപ്പെടുത്തി അംഗീകാരം വാങ്ങുകയും പെർഫോർമൻസ് ഓഡിറ്റ് സൂപ്പർവൈസർ പരിശോധന നടത്തുകയും പരിശോധനകുറിപ്പ് രജിസ്റ്ററിൽ രേഖപ്പെടുത്തുകയും ചെയ്യേണ്ടതാണ്.ഫയലുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ യഥാസമയം പാലിക്കപ്പെടേണ്ടതാണ്.(ഓഡിറ്റ് അന്വേഷണം 16/3.3.2020)

## 1-18 പെർമ്മിറ്റ്-റഗുലറൈസേഷൻ അപാകതകൾ

l)പെർമ്മിറ്റിനു അപേക്ഷ ഫീ വാങ്ങി തീർപ്പാക്കാത്ത തപാലുകൾ(മാർച്ച് 2019) സങ്കേതത്തിൽ തൻവർഷ പെർമ്മിറ്റ് പെന്റൻസി റിപ്പേർട്ടിൽ കാണിക്കുന്നില്ല.സങ്കേതത്തിൽ വരാത്തതിനു വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

ll) Regularised കെട്ടിടങ്ങളുടെവിവരം പെർമ്മിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്താതെ റഗുലറൈസേഷൻ രജിസ്റ്ററിൽ ആണ് എഴുതുന്നത്.എന്നാൽ രജിസ്റ്ററിൽ പൂർണ്ണ വിവരമില്ല. ധനകാര്യപത്രിക പ്രകാരമുള്ള വരവ് സാധൂകരിക്കുന്നത് സംബന്ധിച്ച തപാൽ നം,കെട്ടിട തരം,പുതിയത്/എക്സ്റ്റൻഷ്യൻ എന്ന വിവരം,ക്രമവൽക്കരിച്ച ഏരിയ എന്നീ വിവരമൊന്നും രേഖപ്പെടുത്തുന്നില്ല.

## 1-19 വോളിബോൾ പരിശീലനം-രേഖകൾ പൂർണമായി ഹാജരാക്കേണ്ടതാണ്.

ഹെഡ് മിസ്ട്രസ് ജി.എൽ.പി.എസ്. പെരുമ്പടപ്പ നടപ്പാക്കിയ പദ്ധതി നം. 35/19-18 വയസ്സ് വരെയുള്ള കുട്ടികൾക്ക് കായിക പരിശീലനത്തിന് ഗ്രാന്റ് പദ്ധതിക്ക് തനതു ഫണ്ടിൽ നിന്നും, വികസന ഫണ്ടിൽ നിന്നും കൂടി ആകെ രണ്ട് ലക്ഷം രൂപ വകയിരുത്തിയിരുന്നു. ഇതിൽ നിന്നും വോളിബോൾ പരിശീലനത്തിനായി ചെക്ക് നമ്പർ 1666947/27.3.19 പ്രകാരം 77,500/- രൂപ ചെലവഴിച്ചിട്ടുണ്ട്. ചെലവിന്റെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇനം | ചെലവ് തുക | |
|---|---|---|---|
| 1 | റെമ്മ്യൂണറേഷൻ | 17500 | അനിൽ കുമാർ |

| | | | |
|---|---|---|---|
| 2 | സർട്ടിഫിക്കറ്റ്, നോട്ടീസ് | 4300 | വി.കെ.മധു. |
| 3 | വോളിബോൾ | 15900 | മോഹൻ ബാബ |
| 4 | ഭക്ഷണം | 39800 | ജയശ്രീ |
| ആകെ | | 77500 | |

14.2.18 ലെ സ.ഉ.(കൈ)22/18/ത.സ്വ.ഭ.വ ഉത്തരവ് ഖണ്ഡിക 7.6.12 പ്രകാരം കട്ടികൾക്കുള്ള അത് ലറ്റിക്സ് പരിശീലനത്തിന് സ്പോർട്സ് അക്കാഡമിയുടെ സേവനവും, വിദഗ് ദരുടേയും സേവനം ഉപയോഗിച്ച് അത് ലറ്റിക്സ് മത്സരങ്ങളും, പരിശീലനക്യാമ്പുകളും സംഘടിപ്പിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്തു തലത്തിൽ/നഗരസഭാ തലത്തിൽ 30,000/- രൂപ വരെ ചെലവഴിക്കാമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് വോളിബോൾ പരിശീലനത്തിനായി 77,500 രൂപ ചെലവഴിച്ചതായി കാണുന്നു. പദ്ധതിക്കായി ഗുണഭോക്താക്കളെയും, പരിശീലകരെയും തെരഞ്ഞെടുത്തതിന്റേയും വിശദാംശങ്ങൾ, തുക കൈപറ്റിയതിന്റെ കൈപറ്റ് രസീതുകൾ, പദ്ധതി മോണിറ്ററിംഗ് റിപ്പോർട്ടുകൾ, പരിശീലകന്റെ യോഗ്യത സംബന്ധിച്ച രേഖകൾ എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ലഘുഭക്ഷണം, വോളിബോൾ എന്നിവ വിതരണം ചെയ്യുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചതിന്റെയും, കോച്ച്, പരിശീലനാർത്ഥികൾ എന്നിവരുടെ അറ്റൻഡൻസും മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്.

പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് 25.10.2019 ൽ ഗ്രാമപഞ്ചായത്തിൽ ലഭിച്ച പരാതിയിൽ തുടർ നടപടി സ്വീകരിച്ചതായി കാണുന്നില്ല. ആയതിനാൽ മേൽ സൂചിപ്പിച്ച രേഖകൾ ഹാജരാക്കേണ്ടതും പരാതി സംബന്ധിച്ച് തുടർ നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

# 1-20 പാലിയേറ്റീവ് കെയർ വിഭാഗത്തിൽപെട്ട രോഗികൾക്കുള്ള മരുന്നുകളും, ഉപകരണങ്ങളും പൂർണമായി ലഭിച്ചിട്ടില്ല.- ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

മെഡിക്കൽ ഓഫീസർ പി.എച്ച്.സി. നടപ്പാക്കിയ നം. 96/19 പാലിയേറ്റീവ് കെയർ പദ്ധതിയുടെ ഭാഗമായി മരുന്നുകൾ വിതരണം ചെയ്യുന്നതിനായി വിവിധ ഇൻവോയ്സുകൾ പ്രകാരം ആകെ 5,19,322 രൂപ KMSCL ന് നൽകിയിട്ടുണ്ട്. എന്നാൽ രേഖകൾ പരിശോധിച്ചതു പ്രകാരം 2,12,680 രൂപയുടെ മരുന്നുകളും ഉപകരണങ്ങളും മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്. അർഹരായ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിന് നൽകിയ തുകയിൽ 15,784 രൂപയുടെ മരുന്നുകളും, 2,90,858 രൂപയുടെ ഉപകരണങ്ങളും ഇനിയും ലഭ്യമായിട്ടില്ല. കിടപ്പു രോഗികൾക്കും മറ്റും അത്യാവശ്യമായി ലഭിക്കേണ്ട മരുന്നുകൾ, ഉപകരണങ്ങൾ എന്നിവ സമയബന്ധിതമായി ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

# 1-21 ക്വാറി മക്ക് പൊതുമരാമത്ത് ഒബ്സർവ്ഡ് ഡാറ്റാ,എൻ.ആർ.ഇ.ജിഎസ്.നിരക്കുകൾ തമ്മിൽഗണ്യമായ അന്തരം

ക്വാറി മക്ക് -പൊതുമരാമത്ത് ഒബ്സർവ്ഡ് ഡാറ്റാ,എൻ.ആർ.ഇ.ജി.എസ് നിരക്കുകൾ തമ്മിൽ ഗണ്യമായ അന്തരം

തൊഴിലുറപ്പുപദ്ധതിയുടെ ഭാഗമായി ഗ്രമപഞ്ചായത്തിലെ മൂന്ന് റോഡുകൾ/നടപ്പാതകൾ ക്വാറിമക്ക് വിരിച്ച് ഒരുക്കിയിട്ടുണ്ട്.ക്വാറിമക്ക് വിരിക്കുന്ന പ്രവൃത്തിയിൽ ക്വാറിമക്കിന്റെ വില പൊതുമരാമത്ത് നിരക്കിലെ ഒബ്സർവ്ഡ് ഡാറ്റാ പ്രകാരം ഒരു ഘനമീറ്ററിന് 750 രൂപയാണ്.ഇതിന്റെ കൂടെ 15% CPOH കൂടി ചേരുമ്പോൾ ഒരുഘനമീറ്റർ ക്വാറിമക്ക് വില 862.50 രൂപ വരും.എന്നാൽ തൊഴിലുറപ്പുപദ്ധതിയുടെ എസ്റ്റിമേറ്റ് പ്രകാരം ക്വാറിമക്കിന്റെ വില ഘനമീറ്ററിന് 1250 രൂപയാണ്.വ്യത്യാസം 387.50 രൂപ ഇതിന്റെ ഫലമായി ഈ നിരക്കുകൾ തമ്മിലുള്ള അന്തരം 44,93% ആണ്.അതേസമയം നാട്ടിക ഗ്രാമപഞ്ചായത്തിലെ തൊഴിലുറപ്പുപദ്ധതി CPOH അടക്കം 862.50 രൂപ മാത്രമാണ്. ഇപ്രകാരം ഒരേ ഇനത്തിന് ഗ്രമപഞ്ചായത്തുതളിൽ വ്യത്യസ്ത നിരക്കുകൾ ഉപയോഗിക്കുന്നത് തീരെ ഉചിതമല്ല.ഇത് കരാറുകാരന് അധികലാഭമുണ്ടാക്കുന്നതാണ്.പി.എ.മുഹമ്മദ് സഗീർ പുന്നിലത്ത് ,കുളിമുട്ടം എന്ന കരാറുകാരനാണ് ഈ പദ്ധതിക്കായി സാധനസാമഗ്രികൾ 2018-19 വർഷം വിതരണം നടത്തിയിട്ടുള്ളത്.ഇതുമൂലം ഗ്രാമപഞ്ചായത്തിനുണ്ടായിട്ടുള്ള അധികച്ചെലവിന്റെ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം | പ്രവൃത്തി/അളവുപുസ്തകം | ഇനം | അളവ് | നൽകിയത് | പൊതുമരാമത്ത് നിരക്ക് വരുന്ന നിരക്ക് | അധികച്ചെലവ് |
|---|---|---|---|---|---|---|
| 1 | പതിനഞ്ചാം വാർഡിൽ പെരുമ്പടപ്പ് പ്രദേശത്ത് ടി.എം റോഡ് മുതൽ മുകുന്ദൻ റോഡ് വരെ നടപ്പാത/93/18-19 | 2 | 112.50m3 | 140625(112.5X1250) | 97031.25(112.5X862.5) | 43594 |
| 2 | കൂട്ടാലപ്പറമ്പ് മുതൽ മാണിയം താഴം വരെ റോഡ് നവീകരണം | ,, | 87.75m3 | 109687.50(87.75X1250) | 75684.38(87.75X862.50) | 34003 |
| 3 | തലാപുരം ദേശത്ത് വില്ലേജ് റോഡ് നിർമാണം | ,, | 60m3 | 75000(60X1250) | 51750(60X862.50) | 23250 |
| ആകെ | | | | | | 100847 രൂപ |

ഇപ്രകാരം പൊതുമരാമത്ത് നിരക്കിൽനിന്നും വളരെ വ്യത്യസ്തമായി തൊഴിലുറപ്പ പദ്ധതിയിൽ ക്വാറിമക്കിന്റെ നിരക്ക് തയ്യാറിക്കയതിന്റെ കാരണം വ്യക്തമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി നം 18/3/3/20 നൽകിയെങ്കിലും മറുപടി ലഭിച്ചില്ല.

## 1-22 ലൈഫ് പദ്ധതി- ഭൂരിഭാഗം വീടുകളും സമയബന്ധിതമായി പൂർത്തീകരിക്കാനായത് അഭിനന്ദനാർഹം- ലൈഫ് പദ്ധതി തുടർ നിരീക്ഷണം ഉറപ്പാക്കണം.

1. വി.ഇ.ഒ.എടത്തിരുത്തി നടപ്പാക്കിയ പ്രോജക്ട് നം.40/19 ലൈഫ് ജനറൽ പദ്ധതിയിലുൾപെടുത്തി 2.04 കോടി രൂപ വകയിരുത്തിയതിൽ സാമ്പത്തിക വർഷത്തിൽ 1.244 കോടി രൂപ ചെലവഴിച്ചതായി കാണുന്നു. ജനറൽ വിഭാഗത്തിൽ പെട്ട 90 ഗുണഭോക്താക്കളിൽ അർഹരായി കണ്ട 51പേരിൽ ഗ്രാമപഞ്ചായത്തുമായി 43 പേർ കരാറിൽ ഏർപ്പെട്ടിരുന്നു. ഇതിൽ 42 പേർ നാളിതു വരെ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ഇതേ രീതിയിൽ വി.ഇ.ഒ.ചെന്ത്രാപിന്നി നടപ്പാക്കിയ നം. 36/19ലൈഫ് (എസ്.സി) പദ്ധതിക്കായി 1.08 കോട രൂപ വകയിരുത്തിയതിൽ 35.6 ലക്ഷം രൂപ തൻവർഷത്തിൽ ചെലവഴിച്ചിട്ടുണ്ട്. എസ്.സി വിഭാഗത്തിൽപെട്ട 48ഗുണഭോക്താക്കളിൽ അർഹരായി കണ്ടെത്തിയ 34 ഗുണഭോക്താക്കളിൽ ഗ്രാമപഞ്ചായത്തുമായി കരാറിലേർപെട്ട 16 പേരിൽ 10 പേരുടെ ഭവന നിർമ്മാണം പൂർത്തിയായതായും ബാക്കിയുള്ള 6 പേരിൽ 4 പേർ മെയിൻ വാർക്ക വരെയുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചതായും നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തുമായി കരാറിലേർപെട്ട ഭൂരിഭാഗം ഗുണഭോക്താക്കളുടെയും ഭവന നിർമ്മാണം സമയബന്ധിതമായി പൂർത്തികരിക്കാനായത് അഭിനന്ദനാർഹമായ നേട്ടമായി ഓഡിറ്റ് വിലയിരുത്തുന്നു. അതേ സമയം പൂർത്തീകരിക്കാൻ ബാക്കിയുള്ള ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ജനറൽ വിഭാഗത്തിലുൾപെട്ട ശ്രീമതി. ഷാജിത എന്നവർക്ക് ഭവന നിർമ്മാണത്തിനായി 40,000/- രൂപ അഡ്വാൻസായി 3.7.18 ന് നൽകിയിരുന്നു. എന്നാൽ ടിയാരിയുടെ ഉടമസ്ഥതയിലുള്ളതും കെട്ടിട നിർമ്മാണത്തിന് ഉദ്ദേശിച്ചിരുന്നതുമായ എടത്തിരുത്തി വില്ലേജ് സർവ്വെ 123/2 ൽ പെട്ട 7 സെന്റ് സ്ഥലം ദേശീയപാത വികസനത്തിനായി ഏറ്റെടുക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നതിനാൽ ടി സ്ഥലത്ത് തുടർന്ന് കെട്ടിട നിർമ്മാണം നടത്താൻ സാധിക്കാത്ത സ്ഥിതിയാണുള്ളത്. ആയതിനാൽ ഗുണഭോക്താവ് മറ്റൊരു സ്ഥലം കണ്ടെത്തുന്ന മുറയ്ക്ക് ഗുണഭോക്താവിന് ഭവന നിർമ്മാണത്തിനുള്ള ആനുകൂല്യം അനുവദിക്കാവുന്നതും അഡ്വാൻസായി നൽകിയ തുക തിരികെ ഈടാക്കി സഞ്ചിത നിധിയിൽ അടവാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-23 ഭവന പുനരുദ്ധാരണം-തുടർ നടപടി സ്വീകരിക്കണം.

1. വി.ഇ.ഒ.എടത്തിരുത്തി നിർവ്വഹണം നടത്തിയ പദ്ധതി നം.47/19 വീട് വാസയോഗ്യമാക്കൽ പദ്ധതി പ്രകാരം 49 ഗുണഭോക്താക്കൾക്ക് വീട് പുനരുദ്ധാരണം നടത്തുന്നതിന് 24.5 ലക്ഷം രൂപ വകയിരുത്തിയതിൽ 16.75 ലക്ഷം രൂപ 18-19 ൽ ചെലവഴിച്ചിട്ടുണ്ട്. നിലവിൽ തുക കൈപറ്റിയ 48 ഗുണഭോക്താക്കളിൽ ഒരാൾ ഒഴികെ മറ്റെല്ലാവരും പുനരുദ്ധാരണ പ്രവൃത്തികൾ നടത്തിയതായി നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ നിന്നും മുദ്രപത്രങ്ങളിൽ കരാർ വ്യവസ്ഥകൾ രേഖപെടുത്തിയിട്ടില്ലായെന്ന് കണ്ടു. അപാകത ആവർത്തിക്കാതിരിക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

16.1.19 ന് അഡ്വാൻസ് തുക 25,000/- രൂപ കൈപറ്റിയ സുഹറനസീർ, തോട്ടുപറമ്പത്ത്,ചെന്ത്രാപിന്നി എന്ന ഗുണഭോക്താവ് ഭവന പുനരുദ്ധാരണ പ്രവൃത്തികൾ നടത്തിയതായി കാണുന്നില്ല. ടിയാൾ മരണപെട്ടതായും പ്രളയബാധിത പ്രദേശമായതിനാൽ പുനരുദ്ധാരണം നടത്താൻ സാധിച്ചിട്ടില്ലായെന്ന് അറിയിച്ചതിനാൽ 12.12.2019 ലെ ഭരണ സമിതിയുടെ 12/12 നം. തീരുമാന പ്രകാരം ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് നൽകിയ തുക തിരികെ ഈടാക്കുന്നതിന് വി.ഇ.ഒ.യെ ചുമതലപെടുത്തി തീരുമാനമെടുത്തിട്ടുണ്ട്. തുക തിരിച്ചടവാക്കാനാവശ്യപെട്ട് ടിയാരിയുടെ അനന്തരാവകാശികൾക്ക് നോട്ടീസ് നൽകിയതായി കാണുന്നുണ്ട്. അതേസമയം മാർച്ച് 15 ന മുൻപായി നിർമ്മാണം പൂർത്തീകരിച്ച് ബാക്കി തുക കൈപറ്റാമെന്ന് ഗുണഭോക്താവ് അറിയിച്ചതായി നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി നൽകിയിട്ടുണ്ട്. ഇക്കാര്യത്തിൽ തുടർ നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 6/2020 തിയതി.29.2.2020)

2.വി.ഇ.ഒ. ചെന്ത്രാപ്പിന്നി നടപ്പാക്കിയ പദ്ധതി നം. 38/19 വീട് വാസയോഗ്യമാക്കൽ (എസ്.സി.) പദ്ധതിയിലുൾപെട്ട 42 പേരിൽ 40 പേർ ഭവന പുനരുദ്ധാരണം പൂർത്തിയാക്കിയതായി കാണുന്നു. 30,000/- രൂപ വീതം അഡ്വാൻസായി കൈപറ്റിയ കുറുമ്പക്കുട്ടി, പുതിയേടത്ത്, എടത്തിരുത്തി, സുശീല, കുട്ടാട്ട്, അയ്യപ്പൻപടി,കുട്ടമംഗലം എന്നിവർ നാളിതുവരെ പുനരുദ്ധാരണ പ്രവൃത്തികൾ പൂർത്തിയാക്കിയതായി കാണുന്നില്ല. പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-24 വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ -ബാക്കി തുക ക്രമീകരിച്ചതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

പ്രോജക്റ്റ് നം. 12/19

നിർവ്വഹണോദ്യോഗസ്ഥൻ -സെക്രട്ടറി.

വകയിരുത്തിയ തുക -വികസന ഫണ്ട് -675000/-

ബിൽ നം. തി. -30/19.11.18 -195000/-

-14/27.07.18 -340000/-

-47/11.03.19 - 140000/-

ആകെ -6750000/-

മേൽ പ്രോജക്റ്റ് പ്രകാരം കേരള വാട്ടർ അതോരിറ്റി,ഇരിങ്ങാലക്കുടക്ക് 675000/-രൂപ കൈമാറിയിരുന്നു. വാട്ടർ അതോരിറ്റി ഹാജരാക്കിയ സാക്ഷ്യപത്രം പ്രകാരം ആകെ 504707/- രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | നൽകിയ തുക | ചെലവഴിച്ച തുക | ബാക്കി |
|---|---|---|---|
| 1 | 97000/- | 91241 | 5759 |
| 2 | 98000/- | 91924 | 6076 |
| 3 | 140000/ | 114976 | 25024 |
| 4 | 340000/- | 206566 | 133434 |

## 1-25 മരാമത്ത് പ്രവൃത്തികളുടെ നിർവഹണം

മരാമത്ത് പ്രവൃത്തികൾ സംബന്ധിച്ച ഫയുകളിലെല്ലാം മോണിറ്ററിങ് റിപ്പോർട്ട് ഉള്ളടക്കം ചെയ്ത് ആധികാരികമായി സൂക്ഷിച്ചിട്ടുള്ളതും മുൻവർഷത്തെ ഓഡിറ്റ് റിപ്പോർട്ട് പ്രകാരം പൂർത്തീകരിക്കാതിരുന്ന എട്ട് പ്രൊജക്റ്റുകൾ പൂർത്തീകരിച്ചിട്ടുള്ളതും കാലവിളംബം വരുത്തിയതിൽ കരാറുകാരനിൽ നിന്നും പലിശ സഹിതം ഈടാക്കിയതും വളരെയേറെ ശ്ലാഘനീയമാണ്.105 പ്രൊജക്റ്റുകൾ ആവിഷ്കരിച്ചതിൽ 60% പ്രവൃത്തികൾക്ക് (62എണ്ണം) തുക ചെലവിട്ടിട്ടുണ്ട്.42873932 രൂപക്കുള്ള പ്രൊജക്റ്റുകൾ ആവിഷ്കരിച്ചതിൽ 21119626(44%) രൂപ ചെലവിട്ടു. കരാറുകാരുടെ ബഹിഷ്കരണം, പങ്കാളിത്തക്കുറവ് എന്നിവ മൂലം ത.സ്വ.ഭ.വ. സ്ഥാപനങ്ങളിൽ തൻവർഷം ചെലവ് ശതമാനം, ചെലവഴിച്ച പ്രൊജക്റ്റുകളുടെ ശതമാനം എന്നിവ താരതമ്യേന കുറഞ്ഞുവന്നിട്ടുള്ള സാഹചര്യത്തിലും ഒരു പരിധി വരെ പ്രവർത്തനക്ഷമത പുലർത്തുവാൻ കഴിഞ്ഞിട്ടുണ്ട്

## 1-26 കന്നുകുട്ടി പരിപാലന പദ്ധതി - പൂർത്തീകരണവിവരം ലഭ്യമല്ല.

പ്രോജക്റ്റ് നം. 45/19

വകയിരുത്തിയ തുക -

വികസന ഫണ്ട് - 212500/

ബ്ലോക്ക് വിഹിതം -100000/-

സംസ്ഥാനവിഹിതം -312500/-

ഗുണഭോക്തൃവിഹിതം -625000/-

ആകെ 1250000/-

ചെലവഴിച്ച തുക -

ബ്ലോക്ക് വിഹിതം -100000/-

തനത് ഫണ്ട് - 187500/-

ആകെ -287500/-

തൻവർഷം 46 ഗുണഭോക്താക്കളുടെ പഞ്ചായത്ത് വിഹിതമായി 287500/- രൂപ എസ്.എൽ.ബി.പി. ഡെപ്യൂട്ടി ഡയറക്ടർക്ക് കൈമാറിയിട്ടുണ്ട്.2019 ഏപ്രിൽ മാസം മുതൽപദ്ധതി നടപ്പാക്കി.

അപാകതകൾ

1.വികസന ഫണ്ടിന് പകരം തനത് ഫണ്ടിൽ നിന്നും തുക ചെലവഴിച്ചു.

2.എടതിരുത്തി ആപ്കോസ് സൊസൈറ്റി മുഖേനയാണ് പദ്ധതി നടപ്പാക്കി വരുന്നത്.സൊസൈറ്റി സൂക്ഷിക്കുന്ന തീറ്റ വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ കന്നുകുട്ടി ചത്തു പോയതിനാൽ ഹരി,കോലന്തറ,വിൻസെന്റ് താടിക്കാരൻ എന്നീ ഗുണഭോക്താക്കൾ യഥാക്രമം 2460,3075 രൂപ വരെയുള്ള സബ്സിഡി മാത്രമാണ് ഉപയോഗപ്പെടുത്തിയിട്ടുള്ളത്.ബാക്കി എസ്.എൽ.ബി.പി.യിൽ അവശേഷിക്കുന്ന തുക ഈടാക്കുകയോ,ക്രമീകരിക്കുകയോ ചെയ്യേണ്ടതാണ്.

## 1-27 പുതിയ ഗ്രാമപഞ്ചായത്ത് കെട്ടിടനിർമാണം -കുഴിച്ചെടുത്ത മണ്ണ് ആവശ്യം കഴിഞ്ഞത് ഉപയുക്തമാക്കേണ്ടതാണ്

.പുതിയ ഗ്രാമപഞ്ചായത്ത് കെട്ടിടനിർമാണം ആവശ്യം കഴിച്ചടുത്ത മണ്ണ് ഉപയുക്തമാക്കേണ്ടതാണ്.

പുതിയ ഗ്രാമപഞ്ചായത്തുകെട്ടിടത്തിന്റെ ഫൗണ്ടേഷൻ പ്രവൃത്തികൾ നടന്നുവരിന്നതായി സ്ഥലപരിശോധനയിൽ കാണകയുണ്ടായി. ഇതിന്റെ ഭാഗമായി കഴിച്ചെടുത്ത മണ്ണ് സമീപത്ത് കൂട്ടിയിട്ടുണ്ട്.ഈമണ്ണ് തറയുടെ ഫില്ലിങിനായി ഉപയോഗിക്കേണ്ടതും ആവശ്യം കഴിഞ്ഞുവരുന്നവ ലേലം ചെയ്ത് തുക പഞ്ചായത്തുഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതുമാണ്.

## 1-28 അഗതി രഹിത കേരളം -പണി പൂർത്തീകരിച്ചിട്ടില്ല.

പ്രോജക്റ്റ് നം. 43/19

നിർവ്വഹണോദ്യോഗസ്ഥൻ-അസിസ്റ്റന്റ് സെക്രട്ടറി

ആശ്രയ പദ്ധതിയിലെ ഗുണഭോക്താവായ ശ്രീമതി.സുലോചന,മുതലകളം ,എടതിരുത്തി എന്നവർക്ക് തൻവർഷം ഭവനനിർമ്മാണത്തിന് വേണ്ടി ബിൽ നം.11/27.02.19 പ്രകാരം 40000/-രൂപ അഡ്വാൻസായി നൽകിയിട്ടുണ്ട്.എന്നാൽ നാളിതു വരെ പണി പൂർത്തീകരിച്ച് പിന്നീടുള്ള ഗഡുക്കൾ കൈപ്പറ്റിയിട്ടില്ല. ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-29 കൃഷി ഓഫീസർ നടപ്പാക്കിയ പദ്ധതികളിൽ രേഖകൾ ക്രമപ്രകാരം സൂക്ഷിക്കാത്തത് സംബന്ധിച്ച്.

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി താഴെ കാണും പ്രകാരം പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. തൻ വർഷത്തിൽ നടപ്പാക്കുന്നതിന് തയ്യാറാക്കിയ 6 പദ്ധതികളിലായി 93% തുക ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | പ്രോജക്റ്റ് നമ്പർ/പേര് | ചെലവഴിച്ച തുക |
|---|---|---|
| 1 | 53/19- നെൽകൃഷി വികസനം-കൂലിചെലവ്. | 2,00,000 |
| 2 | 105/19 -കുറ്റി കുരുമുളക് തൈ വിതരണം | 2,02,090 |
| 3 | 108/19- ജൈവപച്ചക്കറി തൈകൾ വിതരണം | 2,61,800 |
| 4 | 111/19-പൂ കൃഷി വികസനം. | 66,500 |
| 5 | 80/19-തെങ്ങുവെട്ടിമാറ്റി പുതിയ തൈകൾ വച്ചു പിടിപ്പിക്കൽ | 4,28,022 |

എന്നാൽ മേൽ നടപ്പാക്കിയ പദ്ധതികളുടെ ഫയൽ പരിശോധിച്ചതിൽ നിന്നും കർഷകരുടെ അപേക്ഷകൾ, അനുബന്ധ രേഖകൾ, വിള ഇൻഷൂറൻസ് ഒടുക്കിയതിന്റെ വിശദാംശങ്ങൾ, കൃഷി നടത്തിയത് പരിശോധിച്ച് കൃഷി ഓഫീസർ സാക്ഷ്യപെടുത്തിയതിന്റെ വിവരം, അർഹമായ തുക പരിശോധിച്ച് ശുപാർശ ചെയ്തതിന്റെ വിവരം, പദ്ധതി മോണിറ്ററിംഗ് റിപ്പോർട്ട്, ഫോട്ടോ, പത്ര റിപ്പോർട്ടുകൾ, ഡോക്യുമെന്റേഷൻ വിശദാംശങ്ങൾ, പദ്ധതിയുടെ ഭാഗമായി ഉണ്ടായ ഉൽപാദന വർധനവ് സംബന്ധിച്ച റിപ്പോർട്ട് എന്നിവ ഫയലിൽ സൂക്ഷിച്ചതായി കാണുന്നില്ല. മേൽ സൂചിപ്പിച്ച രേഖകൾ ക്രമ പ്രകാരം സൂക്ഷിക്കേണ്ടതും അപാകതകൾ ആവർത്തിക്കാതിരിക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-30 സപ്ലിമെന്ററി ന്യൂട്രിഷ്യൻ പ്രോഗ്രാം -എസ്.സി-വാങ്ങിയ ഇനങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

ബിൽ നം. തി. തുക -13/25.03.19 -72787/-

നിർവ്വഹണ ഉദ്യോഗസ്ഥൻ. ഐ.സി.ഡി.എസ്. സൂപ്പർ വൈസർ.

ഇൻവോയ്സ് നം.478/21.03.19 പ്രകാരം (990kg @70+GST അടക്കം) അമൃതം ന്യൂട്രിമിക്സ് 72787/ രൂപക്ക് ഊർജ്ജസ് ,കാറളം എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്.ആയത് സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.ഈയിനത്തിൽ ചെലവഴിച്ച തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-31 വനിതകൾക്ക് സ്വയം തൊഴിലിന് സ്കൂട്ടർ -ഒറിജിനൽ ഇൻവോയ്സ് ഹാജരാക്കിയിട്ടില്ല.

ബിൽ നം. തി. തുക -08/11.03.19 -115012/-

പ്രോജക്റ്റ് നം. 70/19

നിർവ്വഹണോദ്യോഗസ്ഥൻ-അസിസ്റ്റന്റ് സെക്രട്ടറി

വനിതകൾക്ക് സ്വയം തൊഴിലിന് സ്കൂട്ടർ പദ്ധതി പ്രകാരം തൻ വരഷം താഴെ ഫറയുന്ന ഗുണഭോക്താക്കൾക്ക് സബ്സിഡി നൽകിയിട്ടുണ്ട്. ആയതിന്റെ ഒറിജിനൽ ചലാൻ ലഭ്യമാക്കാതെ പ്രൊഫോർമ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ തുക കൈമാറിയിട്ടുണ്ട്.വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | ബിൽ നം. തി. | തുക |
|---|---|---|---|
| 1 | സതി.വി.സി. കടവത്ത് പൈന്നൂർ | 08/11.03.19 | 29688 |
| 2 | കൃഷ്ണകുമാരി. എൻ.കെ. വെള്ളാഞ്ചേരി എടത്തിരുത്തി | 20/22.03.19 | 28900/ |
| 3 | രമ സുരേഷ് കിഴക്കേപുരക്കൽ | 20/22.03.19 | 29700 |
| 4 | ലക്ഷ്മി പ്രദീപ് കളിച്ചത്ത് | 21/22.03.19- 83300/ | 28100 |
| | ആകെ | | 116388 |

ഒറിജിനൽ ഇൻവോയ്സ് ഹാജരാക്കുന്നതു വരെ ചെലവഴിച്ച തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-32 മാലിന്യ സംസ്കരണം-തുടർ നടപടികൾ സ്വീകരിക്കണം.

ഗ്രാമപഞ്ചായത്തിൽ ഹരിതകർമ്മസേനയുടെ പ്രവർത്തനം ഊർജിതപ്പെടുത്തി മാലിന്യ സംസ്കരണം കാര്യക്ഷമമായി നടപ്പാക്കുന്നതിന് തയ്യാറാക്കിയ പദ്ധതി നം. 52/19 ഹരിത കർമ്മ സേനയ്ക്ക് വയബിലിറ്റി ഗ്യാപ് ഫണ്ട് പദ്ധതി സാമ്പത്തിക വർഷത്തിൽ നടപ്പാക്കിയിട്ടില്ല. പഞ്ചായത്തിൽ സൃഷ്ടിക്കപ്പെടുന്ന മാലിന്യം വേർതിരിച്ച് ശേഖരിക്കുന്നതിനും സംസ്കരിക്കുന്നതിനും മെറ്റീരിയൽ കളക്ഷൻ സെന്ററുകൾ സ്ഥാപിക്കുന്നതിനും, ശേഖരിക്കുന്ന മാലിന്യങ്ങൾ ശാസ്ത്രീയമായി കയ്യൊഴിയുന്നതിനുമായി ഹരിതകർമ്മസേന രൂപീകരിച്ച് ശാസ്ത്രീയമായി മാലിന്യം സംസ്കരിക്കുന്നതിന് സർക്കാർ നിർദ്ദേശിച്ചിരുന്നുവെങ്കിലും ഗ്രാമപഞ്ചായത്തിൽ നിലവിൽ വാർഡ് തലത്തിൽ ഹരിതകർമ്മസേന രൂപീകരിക്കുകയോ മാലിന്യ ശേഖരണത്തിന് യൂസർഫീ നിശ്ചയിച്ച് വിജ്ഞാപനം പുറപ്പെടുവിക്കുകയോ, മാലിന്യ സംസ്കരണപദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുകയോ ചെയ്യുന്നതായി കാണുന്നില്ല. ഹരിത കർമ്മസേനയുടെ പ്രവർത്തനം ശക്തിപെടുത്തുന്നതിനായി വി.ഇ.ഒ. നിർവ്വഹണ ഉദ്യോഗസ്ഥനായി തയ്യാറാക്കിയ പ്രോജക്ട് തൻ വർഷത്തിൽ നടപ്പാക്കിയതായി കാണുന്നില്ല. മാലിന്യ സംസ്കരണ പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതും ഹരിതകർമ്മസേന രൂപീകരിച്ച് ആവശ്യമായ പരിശീലനം നൽകി മാലിന്യ സംസ്കരണം കാര്യക്ഷമമായി നടപ്പാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-33 പദ്ധതി രൂപീകരണം -ഇൻകംടാക്സ് കുറവ് ഈടാക്കി

പ്രോജക്റ്റ് നം. 06/19

പദ്ധതി രൂപീകരണപദ്ധതി പ്രകാരം റോയൽ ഓഫ്സെറ്റ് പ്രിന്റേഴ്സ് എന്നസ്ഥാപനത്തിന് തൻവർഷം 130130/-രൂപ കൈമാറിയിട്ടുണ്ട്.എന്നാൽ സ്ഥാപനങ്ങളിൽനിന്ന് 2% ഇൻകംടാക്സ് ഈടാക്കേണ്ടതാണ്. 1493/ രൂപ മാത്രമാണ് ഈടാക്കിയിട്ടുള്ളത്. ഇൻവോയ്സ് പ്രകാരം നൽകിയ തുകയുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | ബിൽ നം. തി | ഇൻവോയ്സ് നം. തി. | തുക |
|---|---|---|---|
| 1 | 56/19.03.19- 59440 | 2379/തിയ്യതി രേഖപ്പെടുത്തിയിട്ടില്ല. | 59440 |
| 2 | 41/23.01.19 - | 2446/ | 14300 |

| | | | |
|---|---|---|---|
| 3 | 29/19.11.18 | 2018/ | 5940 |
| 4 | 10/29.05.18 | 1210/ | 37500 |
| 5 | 10/29.05.18 | 1221/ | 12950 |
| ആകെ | | | 130130/- |

സ്ഥാപനത്തിൽ നിന്നും 1110/- രൂപകൂടി ഈടാക്കി അടവാക്കേണ്ടതാണ്.

## 1-34 പ്ളാസ്റ്റിക് ഷ്രഡിങ് യൂണിറ്റ് സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കേണ്ടതാണ്

പ്ളാസ്റ്റിക് ഷ്രെഡിങ് യൂണിറ്റ് സ്ഥപിച്ച് പ്രവർത്തനക്ഷമമാക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിലെ വനിതാ തൊഴിൽ സംരംഭകേന്ദ്രത്തിൽ പ്ളാസ്റ്റിക് ശേഖരിക്കുന്നതിനായി അഞ്ചു ഉരുക്കുഷെൽഫുകൾ പണികഴിപ്പിച്ചിട്ടുണ്ട്.പക്ഷേ മാലിന്യനിർമാർജനത്തിനായി പ്ളാസ്റ്റിക് ഷ്രെഡിങ് മെഷീൻ വാങ്ങിയിട്ടില്ല. ആയത് എത്രയും പെട്ടെന്നുതന്നെ വാങ്ങി വൈദ്യുതി ലഭ്യമാക്കി യൂണിറ്റ് പ്രവർത്തനക്ഷമമാക്കേണ്ടതാണ്.

## 1-35 മത്സ്യതൊഴിലാളികളുടെ മക്കൾക്ക് ലാപ്ടോപ്പ്-ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പടാത്ത വിദ്യാർത്ഥിക്ക് നൽകി

നിർവ്വഹണോദ്യോഗസ്ഥൻ -ഫിഷറീസ് സബ് ഇൻസ്പെക്ടർ

വകയിരുത്തിയ തുക -120000/-

ബിൽ നം. തി. 01/28.01.19 -116999/-

പ്രോജക്റ്റ് നം.97/19

മേൽ പ്രോജക്റ്റ് പ്രകാരം ((ഇൻവോയ്സ് നം.1838/20.12.18-116999, മോങ്ങർബോക്സ്, എറണാംകുളം) തൻവർഷം 5 ലാപ്ടോപുകൾ വാങ്ങി നൽകിയിട്ടുണ്ട്.ഇപ്രകാരം ലാപ്ടോപ് നൽകിയ ഗുണഭോക്താവായ അഖില.കെ.പി.,കൊച്ചിക്കാട്ട് ,ചാമക്കാല ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടതായി കാണുന്നില്ല.ഫിഷറീസ് സബ് ഇൻസ്പെക്ടർ ടി ഗുണഭോക്താവിനെ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് വേണ്ടി SIF(Nattika) 05/17 നം. കത്ത് പ്രകാരം നിർവ്വഹണോദ്യോഗസ്ഥൻ ടി ഗുണഭോക്താവിനെ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് കത്ത് നൽകിയെങ്കിലും ലിസ്റ്റിൽ ഉൾപ്പെട്ടതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. നിലവിലുള്ള അന്തിമ ലിസ്റ്റിൽ 9 ഗുണഭോക്താക്കളിൽ 4 പേർക്ക് നൽകിയിട്ടുണ്ട്.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-36 തൊഴിലുറപ്പുപദ്ധതി-പൊതുവിവരങ്ങൾ

സാമ്പത്തികവർഷം പലിശയടക്കം വരവ് വന്ന 18509281 രൂപയിൽ 17919350 രൂപയും ചെലവഴിച്ചിട്ടുണ്ട്.വേതന ഇനത്തിൽ തന്നെ 17231768 രൂപ നൽകാൻ കഴിഞ്ഞിട്ടുണ്ട്.835 പ്രവൃത്തികൾ ആവിഷ്കരിച്ചെങ്കിലും 260 എണ്ണം മാത്രമാണ് നടപ്പിലാക്കാൻ കഴിഞ്ഞിട്ടുള്ളത്.1045 കുടുംബങ്ങൾ തൊഴിലെടുത്തതിൽ 316 കുടുംബങ്ങൾക്ക് നൂറുദിവസത്തെ പ്രവൃത്തി ലഭിച്ചിട്ടുണ്ട്.സാധനസാമഗ്രികളുടെ ഇനത്തിൽ 687579 രൂപയും ചെലവഴിച്ചു. മൂന്ന് നടപ്പാതകളുടെയും ഒരു അംഗണവാടിയുടെയും നിർമ്മാണത്തിന് തുക ചെലവഴിച്ചിട്ടുണ്ട്. ഭൂവികസനം ,ജലസംരക്ഷണം ,ജലസേചനം എന്നിവയുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്കാണ് കൂടുതൽ തുക ചെലവഴിച്ചിട്ടുള്ളത്.

## 1-37 ശാരീരിക മാനസിക വെല്ലുകളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് -അർഹതയില്ലാത്ത ഗുണഭോക്താവിന് നൽകി.

പ്രോജക്റ്റ് നം. 76/19
നിർവ്വഹണോദ്യോഗസ്ഥൻ-ഐ.സി.ഡി.എസ്.സൂപ്പർവൈസർ
ചെക്ക് നം.9108290/23.01.19 (149000) -5000/-
9108297/23.02.19(351000) -1600/-

കാർത്തിക് കൃഷ്ണ s/o ബിജു.എൻ.കെ.,നമ്പട്ടി,ചൂലൂർ എന്ന വിദ്യാർത്ഥിക്ക് 6600/- രൂപ മേൽ പ്രോജക്റ്റ് പ്രകാരം സ്കോളർഷിപ്പിനത്തിൽ നൽകിയിട്ടുണ്ട്.എന്നാൽ ലിറ്റിൽ ഫ്ലവർ, അങ്കമാലി എന്ന ആശുപത്രിയുടെ സർട്ടിഫിക്കറ്റാണ് ഓഡിറ്റിന് ലഭ്യമാക്കിയിട്ടുള്ളത്.അതിൽ വികലാംഗ ശതമാനം രേഖപ്പെടുത്തിയിട്ടില്ല.ജില്ലാതല മെഡിക്കൽ ബോർഡിന്റെ സാക്ഷ്യപത്രം പ്രകാരം 40% വൈകല്യമുള്ളവർക്ക് മാത്രമേ ധനസഹായത്തിന് അർഹതയുള്ളൂ.മെഡിക്കൽ ബോർഡിന്റെ സാക്ഷ്യപത്രം ഹാജരാക്കുകയോ അല്ലാത്ത പക്ഷം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്.

## 1-38 നാലാം വാർഡിൽ അംഗണവാടി നിർമ്മാണം-അളവുവിവരങ്ങൾ പൂർണ്ണമല്ല

(നേരിട്ടുള്ള നിർവ്വഹണം)

02.03.2020 ന് ഗ്രാമപഞ്ചായത്തിലെ 3rd ഗ്രേഡ് ഓവർസിയർ ശ്രീമതി അന്ന രാധാകൃഷ്ണൻ, എൻ.ആർ.ജി.എസ്. അക്രഡിറ്റഡ് എഞ്ചിനീയർ ശ്രീമതി നിഷ പി.എസ്. എന്നിവരുടെ സാന്നിധ്യത്തിൽ അംഗനവാടി കെട്ടിടം പരിശോധിച്ചു.

തൊഴിലുറപ്പുപദ്ധതി തുക അഞ്ചുലക്ഷം രൂപ അടക്കം മൊത്തം പത്തു ലക്ഷം രൂപ അടങ്കലിലാണ് ഈ കെട്ടിടനിർമാണം നടത്തിയിട്ടുള്ളത്. ഇതു സംബന്ധിച്ച അളവുപുസ്തകം 15/17-18 ൽ ഇനം 25വരെയുള്ള അളവുകളേ രേഖപ്പെടുത്തിയിരുന്നുള്ളൂ. വെർട്ടിഫൈഡ് ടൈൽ പതിക്കൽ (ഇനം 26,27) അക്രലിക് പ്രൈം കോട്ട് (ഇനം 28,29) തുടർന്ന് ഇനം 38,39 വാട്ടർ ക്ളോസറ്റ് വാഷ് ബേസിൻ സ്ഥാപിക്കൽ എന്നീ ഇനങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ഇനം 22 പ്രകാരം പി.വി.സി ഡോർ ഫ്രെയിമും ഇനം 23 പ്രകാരം പി.വി.സി ഡോറുമാണുള്ളതെങ്കിലും ആഞ്ഞിലി കൊണ്ടുള്ള ഡോറുകളും ഫ്രെയിമുകളുമാണ് ചെയ്തിട്ടുള്ളത്. ഇതിനായി പരിഷ്കരിച്ച അടങ്കൽ തയ്യാറാക്കിയതിന്റെ വിവരം ,വകയിരുത്തിയ മറ്റ് ഫയലുകളുടെ വിവരം, ഓരോ ഇനം ഫണ്ടിലും ചെലവഴിച്ചതിന്റെ വിവരം എന്നിവ ഫയലിലില്ല. തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി 210800/- രൂപ ചെലവഴിച്ചിട്ടുണ്ട് എന്ന വിവരം മാത്രമാണ് ഇക്കാര്യത്തിൽ ലഭ്യമാക്കിയിട്ടുള്ളത്. ഈ പ്രവൃത്തി സംബന്ധിച്ച അളവുകൾ യഥാസമയങ്ങളിൽ രേഖപ്പെടുത്താൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും ആയവ പരിഹരിക്കേണ്ടതും ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-39 പൂർത്തീകരണസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

വിവിധപദ്ധതികൾക്ക് വേണ്ടി 2018-19 സാമ്പത്തിക വർഷം താഴെ പറയും പ്രകാരം വിവിധ സ്ഥാപനങ്ങൾക്ക് തുക കൈമാറിയിട്ടുണ്ട്.വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രോജക്റ്റിന്റെ പേര്,നമ്പർ | ബിൽ നം. തി | തുക | റിമാർക്സ് |
|---|---|---|---|---|
| 1 | വിജ്ഞാൻ സാഗർ പദ്ധതി/101/19 | 09/29.05.18 | 50000/- | വിജ്ഞാൻ സാഗർ |
| 2 | ഐ.കെ.എം.സേവനങ്ങൾക്ക് തുക നൽകൽ ,05/19 | 12/27.07.18 | 91148 | ഐ.കെ.എം ന് നൽകി. |
| 3 | വൈദ്യുതി പോസ്റ്റ് മാറ്റി സ്ഥാപിക്കൽ 159/19 | 36/15.12.18 | 87117 | കെ.എസ്.ഇ.ബിക്ക് നൽകി. |
| | „ | 38/15.12.18 | 1595 | „ |
| 4 | വൈദ്യുതി പോസ്റ്റ് മാറ്റി സ്ഥാപിക്കൽ 263/19 | 59/19.03.19 | 10000 | „ |
| | „ | 014039/11.03.19 | 2030 | „ |
| 5 | വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിച്ച് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ,18/19 | 34/30.11.18 | 365269 | „ |
| | „ | 44/23.01.19 | 894731 | „ |
| | „ | 50/11.03.19 | 152210 | „ |
| | „ | 51/11.03.19 | 102768 | „ |

മേൽ പ്രകാരം ചെലവഴിച്ച തുകകളുടെ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## ഭാഗം -2
## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ
**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

- •

ഇല്ല.

## ഭാഗം -3
## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ
**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

- •

ഇല്ല.

## ഭാഗം -4
## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 20.8.19 | കെ എസ് എ ടി എസ് ആർ(എസ് 1)1120/19(20) തീ 27.8.19 |

### 4-2 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 500000 ICDS | സപ്ലിമെന്ററി ന്യൂട്രിഷൻ | 500000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 500000 ICDS | ഭിന്നശേഷികുട്ടികൾക്ക് സ്കോളർഷിപ്പ് | 500000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 (S.O) | 46366 | സപ്ലിമെന്ററി ന്യൂട്രിഷൻ | 46355 | 11 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 200000 | പാലിന് സബ്സിഡി | 199999 | 1 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 100000 | നെൽകൃഷി പ്രോത്സാഹനം | 100000 | 0 |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 400000 | സാന്ത്വന പരിചരണ പദ്ധതി | 400000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 16531545 | ലൈഫ് പദ്ധതി എസ്.സി | 800000 | 15731545 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 (S.O) | 300000 | കാളിക്കുട്ടി സാംസ്കാരിക നിലയം -മെയിന്റൻസ് | 217663 | 82337(ROP അടച്ചു) |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 (S.O)(തുക 17-18 ൽ തെറ്റി നേരിട്ട ചെലവ് കാണിച്ചു. തൻവർഷം journal adjust ചെയ്തു വരവാക്കി) | 200000 | തണൽ,പകൽ വീട് | 200000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 100000 | പ്രത്യേക കന്നുകുട്ടി പരിപാലനം | 100000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 556094 | ലൈഫ് ജനറൽ | 475833 | 80261 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 300000 | ചിറക്കൽ പള്ളി ഉപ്പ് ബണ്ട് | 0 | 300000 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 500000 | ചെങ്കനാൽ | 0 | 500000 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 800000 | ബാലകൃഷ്ണൻ മാസ്റ്റർ റോഡ് | 704361 | 95639(ROP അടച്ചു) |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 200000 | നേതാജി റോഡ് കാന | 149279 | 50721 |
| ബ്ലോക്ക് പഞ്ചായത്ത് | ആകെ | 6356005 | | 4393491 | 1962514 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 200000 ICDS | സപ്ലിമെന്ററി ന്യൂട്രിഷൻ | 200000 | 0 |
| | 2018-19 (S.O) | 1643 ICDS | സപ്ലിമെന്ററി ന്യൂട്രിഷൻ | 1643 | 0 |
| | 2018-19 | 300000 ICDS | ഭിന്നശേഷി കുട്ടികൾക്ക് സ്കോളർഷിപ്പ് | 300000 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 716567 | ലൈഫ് പദ്ധതി (ജനറൽ) | 716567 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 200000 | സാന്ത്വന പരിചരണ പദ്ധതി | 124800 | 75200 |
| ജില്ലാ പഞ്ചായത്ത് | ആകെ | 1418210 | | 1343010 | 75200 |
| | ആകെ | 7774215 | | 5736501 | 2037714 |

*ധനകാര്യ പത്രിക 17-18 ബാലൻസ് ഷീറ്റ് പ്രകാരം ബ്ലോക്ക് പഞ്ചായത്ത് മുന്നിരിപ്പ്(capital+Revenue) 103000+ 349967= 452967രൂപയും ധനകാര്യ പത്രിക 18-19 പ്രകാരം വരവ് (capital+Revenue) ജർണൽ എൻട്രി 200000 രൂപയടക്കം തൻവർഷ വരവ് 1720546+200000+4089093=6009639 രൂപയും ആകെ വരവ് 6462606/- രൂപയും ആകെ ചെലവ് 4393491രൂപയും തൻവർഷ തിരിച്ചടവ്(177976+6600)184576 രൂപയും ബ്ലോക്ക് പഞ്ചായത്ത് വിഹിതം മൊത്തം

നീക്കിയിരിപ്പ് 1884539 രൂപ വരുന്നിടത്ത് ബാലൻസ് ഷീറ്റ് പ്രകാരം(കാപിറ്റൽ+റവന്യ) 1428477+425024= 1853501 രൂപയുമാണ് കാണിച്ചിരിക്കുന്നത്.വ്യത്യാസം 31038 രൂപ.ആകെ 1962514 രൂപ പദ്ധതി നീക്കിയിരിപ്പിൽ ഏത് ക്യാപിറ്റൽ പദ്ധതി തുകക്കാണ് 6600 രൂപ തിരിച്ചടച്ചത് എന്ന വ്യക്തമാക്കിയിട്ടില്ല.

കൂടാതെ 31026 രൂപ ലെഡ്ജർ പ്രകാരം തൻവർഷം capital ൽ നിന്നും വരവാക്കി മാറ്റിയിട്ടുണ്ട്.സ്പിൽ ഓവറായ പദ്ധതി ചെലവിലെ നീക്കിയിരിപ്പ് 12 രൂപ തിരിച്ചടച്ചിട്ടില്ല.ഇത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണത്തിന മറുപടി ലഭ്യമാക്കിയിട്ടില്ല.

** 2018-19 ധനകാര്യ പത്രിക I-6 പ്രകാരം ജില്ലാ പഞ്ചായത്ത് ചെലവ് 1288040/- രൂപ മാത്രമാണ്. ബാലൻസ് ഷീറ്റ് B-4 ൽ 130170 രൂപ നീക്കിയിരിപ്പ് കാണിച്ചിരിക്കുന്നു.എന്നാൽ വ്യത്യാസമുള്ള തുകയായ 54970 രൂപ പാസ്സ്ബുക്ക് പ്രകാരം തൻവർഷം തന്നെ ചെലവ് വന്നിട്ടുള്ളതാണ്. അപാകത അടുത്തവർഷത്തിൽ പരിഹരിക്കേണ്ടതാണ്.(ഓഡിറ്റ് അന്വേഷണം 24/4.3.2020)

## 4-3 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ ചേർക്കുന്നു

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ നം. / ചെക്ക് നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| വാട്ടർ അതോറിറ്റി | വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ നീട്ടി സ്ഥാപിക്കൽ | | 675000 | 504707 | 170293 (UC ലഭ്യമാക്കിയിട്ടില്ല) |
| ആകെ | | | 675000* | 504707 | 170293(UC ലഭ്യമാക്കിയിട്ടില്ല) |
| കെ.എസ്.ഇ.ബി | വിവിധ വാർ ഡുകളിൽ സ്ട്രീറ്റ് മെയിൻ വലിച്ച് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ | | 1514978 | | 1514978 (UC ലഭ്യമാക്കിയിട്ടില്ല) |
| കെ.എസ്.ഇ.ബി | വൈദ്യുതി പോസ്റ്റ് മാറ്റി സ്ഥാപിക്കൽ (സ്പിൽ ഓവർ) | | 88712 | | 88712 (UC ലഭ്യമാക്കിയിട്ടില്ല) |
| കെ.എസ്.ഇ.ബി | വൈദ്യുതി പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | | 10000 +2030(തനതുഫണ്ട്) | | 10000 +2030(തനതുഫണ്ട്) (UC ലഭ്യമാക്കിയിട്ടില്ല) |
| ആകെ | | | 1615720** | | 1615720 (UC ലഭ്യമാക്കിയിട്ടില്ല) |

*വാട്ടർ അതോറിറ്റിക്ക് തൻവർഷം 675000 നൽകിയതിൽ 340000 രൂപ മാത്രമെ ധനകാര്യ പത്രികയിൽ ഡെപ്പോസിറ്റ് വർക്ക് അഡ്വാൻസിൽ ഉൾപ്പെടുത്തിയിട്ടുള്ളൂ.ബാക്കി 335000 രൂപ Capital work In Progress ൽ ഉൾപ്പെടുത്തിയിരിക്കുന്നു.3638 രൂപ വർക്ക് കഴിഞ്ഞത്(UC ലഭിച്ചത്) പ്രയർ പിരീഡായി തൻവർഷത്തിൽ ചേർത്തിട്ടുണ്ട്.

** കെ.എസ്.ഇ.ബി ക്ക് ആകെ 1615720 രൂപ ൩. പ്രൊജക്റ്റുകളിലായി നൽകിയിട്ടുണ്ട്. ഇതിൽ ഒരു പദ്ധതിയുടെ തുക 1514978 രൂപയിൽ 102768 രൂപക്കു മാത്രമെ ഡെപ്പോസിറ്റ് വർക്ക് അഡ്വാൻസ് കാണിച്ചിട്ടുള്ളൂ.മറ്റ് രണ്ട് പദ്ധതികളിൽ 88712+12030=100742 രൂപ Capital Expenditure ആയും ബാക്കി 1412210/-രൂപ Capital Work In Progress ആയും കാണിച്ചിരിക്കുന്നു.

അപാകതകൾ അടുത്ത സാമ്പത്തിക വർഷത്തിൽ ക്രമീകരിക്കേണ്ടതാണ്(ഓഡിറ്റ് അന്വേഷണം 24/4.3.2020)

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-5 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ പേര് / ഉദ്ദേശ്യം | ഉത്തരവ് നം / തിയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| Hudco loan | 9346714 2/1/2019 | 3309567 | 0 | 0 | | 3309567 |
| Life Project (GL) | | 4680050 | | 0 | | 4680050 |

| | 06/02/2019 | | | |
|---|---|---|---|---|

# 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

# 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

# 4-8 ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

# 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 10,12,75,581 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 8,38,60,032 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 189175 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-30 | 72787 | സലോമി.കെ.വി., ഐ.സി.ഡി.എസ്. സൂപ്പർ വൈസർ |
| 1-31 | 116388 | സുജ ട്രീസ വി ജെ, അസിസ്റ്റന്റ് സെക്രട്ടറി |
| ആകെ | 189175 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ഇല്ല

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1980-81 | എൽ.എഫ്.ടി.എസ്.2-1469/11/ 20.10.11/1.2.12 |
| | |

| | |
|---|---|
| 1981-82 | “ |
| 1982-83 | “ |
| 1983-84 | “ |
| 1984-85 | “ |
| 1985-86 | “ |
| 1986-87 & 1987-88 | “ |
| 1988-89, 89-90 & 1990-91 | “ |
| 1991-92 | “ |
| 1992-93 & 1993-94 | എൽ.എഫ്.ടി.എസ്.2-1469/11/ 20.10.11/1.2.12 |
| 1996-97 | എൽ.എഫ്.ടി.പി.3-42/14 തീ.3.4.2014 |
| 1997-98 | |
| 1998-99 | |
| 99-2000 ചെലവ് | |
| 99-2000 വരവ് | |
| 2000-01 | |
| 2000-01, 01-02 പ്ലാൻ | |
| 2001-02 | |
| 2002-03 | |
| 2003-04 | |
| 2004-05 | |
| 05-06 | എൽ.എഫ്.ടി.12-1761/09/24-9-2010 |
| 06-07 | എൽ.എഫ്.ടി.12-1762/09/24-09-2010 |
| 07-08 | എൽ.എഫ്.ടി.12-853/11/29-11-11 |
| 2008-09 മുതൽ 2010-11വരെ | എൽ.എഫ്.ടി.പി.3-1346/12/ 5-11-12/12-03-13 |
| 2011-12 | എൽ.എഫ്.ടി.പി.3-1101/13/ 17-01-14/12-03-14 |
| 2012-13 | എൽ.എഫ്.ടി.പി.3-588/2014/ 3-9-14/9-12-14 |
| 2013-14 | കെ.എസ്.എ.ടി.എസ്.ആർ-(പി3) 218/16-15.2.16/11.3.16 |
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ-(പി3) 1274/16/28.7.2016 |
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ-(പി3) 2180/16/ 28.01.17 |
| 2016-17 | കെ.എസ്.എ.ടി.എസ്.ആർ-(പി3) 1689/17 / 24.11.2017 |
| 2017-18 | കെ.എസ്.എ.ടി.എസ്.ആർ-(പി3) 63/18 / .07.02.2019 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

# <u>അനുബന്ധം -1</u> <u>ഓഡിറ്റ് സാക്ഷ്യപത്രം</u>

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് 4, 1994- ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) 2011-ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018-ലെ (സാധാ) 1413/2018/ത.സ്വ.ഭ.വ., നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും തൃശ്ശൂർ ജില്ലയിലെ എടത്തിരുത്തി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ എടത്തിരുത്തി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ.

# അനുബന്ധം-2 ഓഡിറ്റ് സംക്ഷിപ്തം

| | സംക്ഷിപ്തം (Audited Abstract) |
|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് |
| 3 | ബാലൻസ് ഷീറ്റ് |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ